# കാലിക്കറ്റ് ഓർഫനേജ് എ.എൽ.പി.സ്കൂൾ

സ്നേഹ നഗർ – കൊളത്തറ – 673655
ഫറോക്ക് ഉപജില്ല, കോഴിക്കോട്, ഫോൺ : 0495 240807
Email : colpskoiathara@gmail.com



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026



# കാലിക്കറ്റ് ഓർഫനേജ്

## എ.എൽ.പി.സ്കൂൾ

## കൊളത്തറ

# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025**
**2026**

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥാ വിശകലനം

7. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ
(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

9. മോണിറ്ററിംഗ്

10. ഉപസംഹാരം

# കാലിക്കറ്റ് ഓർഫനേജ് എ.എൽ.പി. സ്കൂൾ

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | കാലിക്കറ്റ് ഓർഫനേജ് എ.എൽ.പി സ്കൂൾ കൊളത്തറ |
| വിലാസം | : | സ്നേഹനഗർ, പി.ഒ. കൊളത്തറ<br>കോഴിക്കോട് - 673 655 |
| ഫോൺ | : | 0495 - 2420807 |
| സ്കൂൾ കോഡ് | : | 17510 |
| വിദ്യാഭ്യാസ ഉപജില്ല | : | ഫറോക്ക് |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി | : | യു.ആർ.സി. സൗത്ത് |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| കോർപ്പറേഷൻ | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | ബേപ്പൂർ |
| ലോകസഭാമണ്ഡലം | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| ഇ-മെയിൽ | : | colpskolathara@gmail.com |

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പുത്തനുണർവ്വ് സൃഷ്ടിക്കുകയാണ്. ഗവർമെന്റിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ വിവിധങ്ങളായ പദ്ധതികളും പ്രവർത്തനങ്ങളും വിദ്യാലയങ്ങളുടെ ഭൗതിക നിലവാരമുയർത്തുന്നതിനു സഹായകമായിട്ടുണ്ട്. എന്നാൽ നമ്മുടെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തണമെങ്കിൽ വിദ്യാഭ്യാസ നിലവാരമുയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കേണ്ടതുണ്ട്.

ഒരു പ്രദേശത്തെ സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ആവശ്യങ്ങൾ നേരിടാൻ പ്രാപ്തമാകുന്ന തരത്തിലുള്ള അക്കാദമിക മുന്നേറ്റ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ആസൂത്രണ രേഖകൾ ഓരോ വിദ്യാലയവും ഇന്ന് തയ്യാറാക്കി വരികയാണ്. ഈ ആസൂത്രണ രേഖയെ അക്കാദമിക മാസ്റ്റർ പ്ലാൻ എന്നു വിളിക്കാം. ഓരോ വിദ്യാലയത്തിന്റെയും മുൻഗണന നിർണ്ണയിച്ചു കൊണ്ടു വിദ്യാലത്തിന്റെ സമഗ്ര വികസനത്തിനും അക്കാദമിക പുരോഗതിക്കുമുള്ള വഴി ചൂണ്ടികാണിക്കുന്ന ഒരു രേഖ കൂടിയാണിത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനു വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു ചിട്ടയായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ഇത്തരത്തിൽ കാലിക്കറ്റ് ഓർഫനേജ് എൽ.പി.സ്കൂളിന്റെ ഭാവിയിലെ പ്രവർത്തന പദ്ധതികളെന്തൊക്കെയായിരിക്കണമെന്നും അതിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യത്തിലെത്തിച്ചേരാൻ ആസൂത്രണം ചെയ്ത പദ്ധതികളുടെ സമാഹാരമാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

## പൊതു ലക്ഷ്യങ്ങൾ

കാലിക്കറ്റ് ഓർഫനേജ് എൽ.പി.സ്കൂളിന്റെ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ സാർത്ഥമാക്കാൻ ഉദ്ദേശിക്കുന്ന പൊതു ലക്ഷ്യങ്ങൾ ഇവയാണ്.

- ഞങ്ങളുടെ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ അതത് ക്ലാസിൽ നിന്നു തന്നെ കൈവരിക്കുമെന്ന് ഉറപ്പു വരുത്തും

- ഓരോ ക്ലാസിലും കുട്ടി നേടേണ്ട പഠന നേട്ടങ്ങൾ മുൻകൂട്ടി പ്രഖ്യാപിക്കുകയും ഇവ മാതൃ സമിതിയിൽ വിളംബരം ചെയ്യുകയും ചെയ്യും.

- സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്ല്യ അവസരങ്ങൾ ഉണ്ടാക്കുകയും അവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുവാനും പരിശ്രമിക്കും.

- ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടികൾക്കും നേടാൻ കഴിയുന്നുണ്ടെന്ന് ഉറപ്പു വരുത്തും.

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനും വ്യത്യസ്ത ഭാഷാവ്യവഹാര രൂപങ്ങളിൽ എളുപ്പത്തിൽ ഏർപ്പെടാൻ കഴിയുംവിധം പരശീലനം നൽകും.

- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോൽസാഹിപ്പിച്ച് ഉപജില്ലാ-ജില്ലാ-സംസ്ഥാന തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാനുള്ള ആത്മവിശ്വാസം നൽകുന്ന തരത്തിലുള്ള പ്രചോദനം നൽകും.

- ആരോഗ്യപരമായ സ്ത്രീ പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗ സമത്വത്തെക്കുറിച്ചും കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാവാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തും.

- മികച്ച മാനസിക-വൈകാരിക-ശാരീരിക ആരോഗ്യം ഉറപ്പാക്കും.

- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകളെല്ലാം പഠന പ്രവർത്തനങ്ങൾക്ക് പിന്തുണാ സംവിധാനങ്ങളായി ഉപയോഗപ്പെടുത്തും.

- സ്കൂൾ അധ്യാപക രക്ഷാകർതൃ സമിതി, ക്ലാസ് പി.ടി.എ, സ്കൂൾ വികസന സമിതി, സ്ക്കൂൾ മാനേജ്മെന്റ് കമ്മറ്റി, പൂർവ്വ വിദ്യാർത്ഥി സംഘടന, മാതൃസമിതി തുടങ്ങിയ കൂട്ടായ്മകളുടെ സക്രിയമായ പങ്കാളിത്തം എല്ലാ തരത്തിലും ഉറപ്പാക്കും.

- പഠന പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി ശ്രദ്ധ, മലയാളത്തിളക്കം തുടങ്ങിയ പരിഹാര ബോധന പരിപാടികൾ തുടരും.

- മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തും.

# വിദ്യാലയ ചരിത്രം

**ആമുഖം:** 1979 ൽ കൊളത്തറക്കടുത്ത് പാലക്കുളം പ്രദേശത്ത് കാലിക്കറ്റ് ഇസ്ലാമിക് കൾച്ചറൽ സൊസൈറ്റി തുടക്കം കുറിച്ച അക്ഷരത്തിന്റെ കൈത്തിരി കാലിക്കറ്റ് ഓർഫനേജ് എ.എൽ.പി സ്ക്കൂൾ എന്ന പേരിൽ ആയിരങ്ങൾക്ക് അറിവിന്റെ ആദ്യാക്ഷരം നുകർന്ന് ഇന്നും തിളങ്ങിക്കൊണ്ടിരിക്കുന്നു. സ്ഥാപനത്തിന്റെ തുടക്കത്തിൽ യത്തീംഖാന അന്തേവാസികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് ഒരു എൽ.പി സ്ക്കൂൾ എന്നതിൽ നിന്നും മാറി സാവകാശം ഈ സ്ഥാപനം ഈ പ്രദേശത്തുകാരുടെ യത്തീംഖാന സ്ക്കൂളായി മാറുകയായിരുന്നു.

സമൂഹത്തിലെ ദരിദ്രരും, പാർശ്വവത്കരിക്കപ്പെട്ടവരും നിരാശ്രയരുമായവരുടെ ഉന്നമനത്തിനായി 1977ൽ സ്ഥാപിതമായ കാലിക്കറ്റ് ഇസ്ലാമിക് കൾച്ചറൽ സൊസൈറ്റിയുടെ കീഴിൽ മോഡേൺ കൊളത്തറ റോഡിൽ വിശാലമായ പത്ത് ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന വിവിധ സ്ഥാപനങ്ങളിൽ ഒന്നാണ് കാലിക്കറ്റ് ഓർഫനേജ് എ.എൽ.പി സ്ക്കൂൾ. 1985ൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 3-5-1985ലെ കെ.ഡിസ്/704/85/ബി(2) ഓർഡർ പ്രകാരം ഇത് ഒരു പൂർണ്ണ സ്ക്കൂളായി പ്രവർത്തനമാരംഭിച്ചു.

സി.ഐ.സി.എസ് കമ്മറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനേജർമാരാണ് ഭരണ മേൽനോട്ടം നിർവ്വഹിക്കുന്നത്. ശ്രീ.സി.പി.ശംസുദ്ദീനായിരുന്നു പ്രഥമ മാനേജർ. ടി.മുഹമ്മദ് മാസ്റ്ററായിരുന്നു ആദ്യത്തെ പ്രധാനാധ്യാപകൻ. പി.അഫ്സൽ എന്ന വിദ്യാർത്ഥിയെയാണ് ആദ്യമായി രജിസ്റ്ററിൽ ചേർത്തത്. സ്ക്കൂളിന്റെ അടുത്ത പ്രദേശത്തെ താമസക്കാരനായിരുന്ന കെ.വീരാൻകുട്ടി മാസ്റ്ററാണ് അറബി പഠിപ്പിച്ചിരുന്നതും ഹെഡ്മാസ്റ്ററുടെ സഹായിയായി ആദ്യകാലത്തുണ്ടായിരുന്നതും. 89 കുട്ടികളാണ് ആദ്യ വർഷം സ്ക്കൂളിലുണ്ടായിരുന്നത്. കോഴ വാങ്ങാതെ അധ്യാപകരുടെ യോഗ്യതയും കഴിവും മാത്രം നോക്കി നിയമനം നടത്തിയതു മൂലം സ്ക്കൂൾ പഠന നിലവാരം ഉയരുകയും സ്ക്കൂളിനു പുതിയ കെട്ടിടം ഉയരുകയും ചെയ്തു. പിന്നീട് ശ്രീ.കെ.അബൂബക്കർ സാഹിബ് മാനേജർ സ്ഥാനം ഏറ്റെടുത്തു. 1991 മുതൽ 2015 വരെ ശ്രീ.പി.സി.മുഹമ്മദ് കുട്ടി പ്രധാനാധ്യാപകനായി നിയമിക്കപ്പെട്ടു. 2015 ജൂൺ മുതൽ 2017 ഏപ്രിൽ വരെ ശ്രീ.പി.ബാവ മാസ്റ്റർ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചു. 2017 മെയ് മുതൽ ശ്രീ.എൻ.സി.അബ്ദുള്ളക്കുട്ടി മാസ്റ്റർ പ്രധാനാധ്യാപകനായി ചുമതലയേറ്റു. സി.ഐ.സി.എസ് ജനറൽ സിക്രട്ടറിയായ അഡ്വ.എം.മുഹമ്മദ് സാഹിബാണ് സ്ക്കൂൾ മാനേജർ.

ഇന്ന് ഈ വിദ്യാലയത്തിൽ 262 വിദ്യാർത്ഥികൾ 11 ഡിവിഷനുകളിലായി പഠിക്കുന്നു. 13 അധ്യാപകരും ഒരു മിനിയൽ സ്റ്റാഫും ഒരു കുക്കും അടക്കം 15 പേർ ഇവിടെ ജോലി ചെയ്യുന്നു.

കലാ-കായികം, ശാസ്ത്രം-ആരോഗ്യം തുടങ്ങി വ്യത്യസ്ഥ വേദികൾ വിവിധ അധ്യാപകരുടെ കീഴിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ പ്രദേശത്തെ വിദ്യാഭ്യാസ തൽപരരും അഭ്യുദയകാംക്ഷികളുമടങ്ങുന്ന എസ്.എസ്.ജി സജീവമായി ഇടപെടുന്നു. ക്ലാസ് തല യോഗങ്ങളും പി.ടി.എ യോഗങ്ങളും ആഘോഷാവസരങ്ങളിലെ ഒത്തു ചേരലുമൊക്കെ രക്ഷിതാക്കളുടെ പങ്കാളിത്തം കൊണ്ടു ശ്രദ്ധേയമാവാറുണ്ട്. എം.പി.അബ്ദുറസാഖ്. കെ.പി.സുഹറാബി, എം.ഷക്കീന, കെ.കമറ, കെ.സി.മുഹമ്മദ് സിറാജ്, സി.ജൈജഫർ, കെ.സി.അബ്ദുൾ സലീം, കെ.അനസുദ്ദീൻ, പി.എ.ഫസീല, എൻ.എം.ഷരീഫ്, ധന്യ വിജയൻ, ഒ.പി.നിയാസ് എന്നിവർ അധ്യാപകരായും റുഖിയ, സുലൈഖ എന്നിവർ കുക്കുമാരായും ജോലി ചെയ്തു വരുന്നു.

ടി.മൻസൂർ പി.ടി.എ പ്രസിഡന്റും നഹീമുദ്ദീൻ വൈസ്. പ്രസിഡന്റുമായുള്ള പി.ടി.എ കമ്മറ്റിയുടെ സജീവ ശ്രദ്ധയും ഇടപെടലുകളും ഞങ്ങൾക്ക് ഏറെ സഹായകമാണ്. ശ്രീമതി.കെ.സുനിതയുടെ നേതൃത്വത്തിലുള്ള എം.പി.ടി.എ കമ്മറ്റി ഞങ്ങളുടെ വിജയത്തിനു പിന്തുണയായി പ്രവർത്തിക്കുന്നു.

ഞങ്ങളുടെ വിദ്യാലയം ചില പ്രതിസന്ധികളും പരിമിതികളും അഭിമുഖീകരിക്കുന്നുണ്ട്. പ്രൈമറിതലത്തിലെ മുഴുവൻ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച തരത്തിലുള്ള ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല. കാരണം എല്ലാ രക്ഷിതാക്കളും ഒരുപോലെ പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവരോ അവരുടെ ഉത്തരവാദിത്വം പൂർണ്ണമായും നിറവേറ്റുന്നവരോ അല്ല. കൂടാതെ ഐ.സി.ടി അധിഷ്ഠിതമായ പഠനപിന്തുണാ സംവിധാനം എല്ലാക്ലാസ്സിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എല്ലാക്ലാസ്സിലും ലൈബ്രറി ഉണ്ടെങ്കിലും അത് പൂർണ്ണമായും കുട്ടികൾ പ്രയോജനപ്പെടുത്തുന്നില്ല. ശാസ്ത്ര-ഗണിതശാസ്ത്ര ലാബിന്റെയും ഇവയെല്ലാം സൂക്ഷിക്കാനുള്ള സംവിധാനവും അപര്യാപ്തമാണ്. നിലവിലെ മൂല്യനിർണ്ണയ രീതികളും എല്ലാവരെയും ജയിപ്പിക്കുന്ന സംവിധാനവും പ്രതിസന്ധി വർദ്ധിപ്പിക്കുന്നു.

നാട്ടിലും മറുനാട്ടിലുമായി ജീവിതത്തിന്റെ നാനാതുറകളിൽ ജോലിചെയ്യുന്നവരും നല്ല നിലയിൽ ജീവിക്കുന്നവരുമായ വലിയ ഒരു കൂട്ടം പൂർവ്വ വിദ്യാർത്ഥികളും ഈ സ്ഥാപനത്തിന്റെ സമ്പത്താണ്. സ്കോളർഷിപ്പ് പരീക്ഷകളിലും സംസ്ഥാന ദേശീയതലങ്ങളിൽ പ്രതിഭകളായ മികച്ച കായികതാരങ്ങളുടെ വളർച്ചക്ക് അടിത്തറ പാകാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസവും, കഴിവും വിദ്യാഭ്യാസ താൽപര്യവുമുള്ള മാനേജ്മെന്റ് എല്ലാ സൗകര്യങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ഈ സ്ഥാപനത്തിനു ചെയ്തു തരുന്നുവെന്നതാണ് സ്ഥാപനത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം. കൂടാതെ പി.ടി.എയുടെയും എം.പി.ടി.എയുടെയും അധ്യാപകരുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനവും ഈ സ്ഥാപനത്തിന്റെ വിജയത്തിനു ചാലക ശക്തിയായി മാറുന്നു.

<u>ലക്ഷ്യം:</u> കാലിക്കറ്റ് ഓർഫനേജ് എൽ.പി. സ്ക്കൂളിലേക്കെത്തുന്ന ഓരോ കുട്ടിയുടെയും സർവ്വതോന്മുഖമായ വികാസത്തിനു വേണ്ടി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യം പൂർത്തീകരിക്കാനുള്ള പ്രവർത്തന പദ്ധതിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ സമർപ്പിക്കുന്നത്.

ഓരോ കുട്ടിക്കും ലഭിക്കേണ്ട പ്രാഥമിക വിദ്യാഭ്യാസത്തിൽ ഗുണത, തുല്യത എന്നീ സവിശേഷതകൾ ഉറപ്പിക്കാൻ സ്കൂൾ പഠനാന്തരീക്ഷത്തെയും, പഠന പരിസരത്തെയും മാറ്റിയെടുക്കാനും ജീവിതത്തിൽ അനുഭവിക്കേണ്ടി വരുന്ന യാഥാർത്ഥ്യങ്ങളെ നേരിടാൻ കഴിവുള്ളവനാക്കാനുതകുന്ന തരത്തിൽ ജീവിത നൈപുണികൾ സ്വായത്തമാക്കാനും നിരന്തര പരിശീലനം നൽകി ഓരോ കുട്ടിയേയും മികച്ച ശാരീരിക- മാനസിക- വൈകാരിക- ആരോഗ്യമുള്ളവനാക്കി പരിവർത്തിപ്പിക്കാനുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തി ഇതിലേക്ക് ആധുനിക വിവരസാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക, നാട്ടിൽ ലഭ്യമായ വൈദഗ്ദ്ധത്തെയും വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും കുട്ടികളുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് ഏകോപിപ്പിച്ചുകൊണ്ടു മുതൽകൂട്ടാക്കാനുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഈ പ്രവർത്തന പദ്ധതിയിൽ ഹ്രസ്വകാല-മധ്യകാല-ദീർഘകാല പ്രവർത്തനങ്ങൾ ഉൾച്ചേരുന്നുണ്ട്.

**പ്രവർത്തനങ്ങൾ:** എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലേക്ക് നയിക്കാൻ 6 വിവിധ സബ്ജക്ട് കമ്മറ്റികൾ രൂപീകരിക്കുകയും രണ്ടു വീതം അധ്യാപകരുടെ നേതൃത്വത്തിൽ ഇവയുടെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യും. മലയാളം, ഇംഗ്ലീഷ്, അറബി തുടങ്ങിയ ഭാഷാവികസന പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളെയും മികച്ച ആശയവിനിമയ ശേഷിയുള്ളവരാക്കി മാറ്റിയെടുക്കുന്നതിനായി വിവിധ ഭാഷാ വ്യവഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. ഭാഷാ ക്ലബ്ബുകൾ രൂപീകരിച്ച് ക്യാമ്പുകളും, നാടകക്കളരി, കഥയരങ്ങ്, കവിയരങ്ങ് തുടങ്ങിയ പ്രവർത്തനങ്ങളും സംഘടിപ്പിക്കും. ലൈബ്രറികൾ വിപുലപ്പെടുത്തി ക്ലാസ് ലൈബ്രറി കാര്യക്ഷമമാക്കും. പത്രവായനയും ശ്രദ്ധ, മലയാളത്തിളക്കം തുടങ്ങിയ തുടർപ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കും. ശാസ്ത്ര-സാമൂഹ്യശാസ്ത്ര പ്രവൃത്തി പരിചയ മേഖലകളിൽ സ്കൂൾതല പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുകയും കുട്ടികൾക്ക് ലഘുപരീക്ഷണങ്ങൾ പരിചയപ്പെടുത്തുന്നതിന് ശാസ്ത്ര-ഗണിത ശാസ്ത്ര ലാബ് സജ്ജീകരിക്കും. വിദഗ്ദരായ ശാസ്ത്ര-ഗണിത ശാസ്ത്രാധ്യാപകരുടെ കോച്ചിംഗ് ക്ലാസ്സുകൾ നമ്മുടെ കുട്ടികൾക്കും ലഭ്യമാക്കും. വിവര സാങ്കേതിക വിദ്യയുടെ സഹായം (കളം) പഠനപിന്തുണ എന്ന രീതിയിൽ എല്ലാ ക്ലാസിലെ കുട്ടികൾക്കും ലഭ്യമാവുന്ന രീതിയിൽ കംപ്യൂട്ടർ പഠനവും ഉപയോഗവും വ്യാപിപ്പിക്കും.

പഠനത്തെ പരിസര ബുദ്ധിയും ജീവിതഗന്ധിയുമാക്കുന്നതിനു തന്റെ ചുറ്റുപാടുള്ള ആവാസ വ്യവസ്ഥയെ അടുത്തറിയാനും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുന്നതിന്റെയും ഭാഗമായി സ്കൂൾ കേമ്പസ് ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റും. പഠനയാത്രകൾ ഗ്രാമീണയാത്രകളായി നിലനിർത്തുകയും അവിടങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യും. സ്കൂളിനോട് ചേർന്ന് പ്രീ-സ്കൂൾ, ഘഗഎ, ഡഗഎ ക്ലാസുകൾ ആരംഭിക്കാനുള്ള ശ്രമങ്ങൾക്ക് എല്ലാ സഹായങ്ങളും നൽകും. വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനു രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകൾ യഥാസമയം സംഘടിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യും.

മാനേജ്മെന്റ്, പി.ടി.എ, എം.പി.ടി.എ സഹകരണത്തിൽ കിട്ടാവുന്ന മുഴുവൻ വൈദഗ്ധ്യത്തെയും ഉപയോഗപ്പെടുത്തി വിദ്യാലയ പിന്തുണ സംവിധാനം മെച്ചപ്പെടുത്തുകയും മികച്ച ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യും. കുട്ടികൾക്ക് അവരുടെ സർഗ്ഗശേഷികൾ പൊതുസമൂഹത്തിന്റെ മുന്നിൽ പ്രദർശിപ്പിക്കാൻ കഴിയുന്ന തരത്തിൽ സ്റ്റേജ് ഉൾപ്പെടുന്ന ഒരു ഹാളും എല്ലാവർക്കും ഒരുമിച്ചിരുന്ന് ഭക്ഷണം

കഴിക്കാനുള്ള പൊതുസ്ഥലവും മികച്ച സ്ക്കൂൾ ലൈബ്രറി സംവിധാനങ്ങളുള്ള പ്രത്യേകമുറിയും രൂപപ്പെടുത്തുവാനും പ്രയത്നിക്കും. അക്കാദമികവും ഭൗതികവുമായ ഈ ലക്ഷ്യങ്ങളെല്ലാം തന്നെ സമീപഭാവിയിൽ സാർത്ഥകമാക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

# വിദ്യാലയ വികസനം - പൊതു കാഴ്ചപ്പാട്

- ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

- ഗുണമേൻമയുള്ള വിദ്യാഭ്യാസം നേടാനും പഠനത്തിനും വികസനത്തിനും തുല്യ അവസരങ്ങൾ ലഭിക്കാനും സാഹചര്യം സൃഷ്ടിക്കുക.

- സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഓരോ കുട്ടിയും വിവിധ ഭാഷകൾ (മലയാളം, ഇംഗ്ലീഷ്, അറബി, ഹിന്ദി) അനായാസം കൈകാര്യം ചെയ്യാൻ സഹായിക്കുക.

- മികച്ച ശാരീരിക-മാനസിക-വൈകാരിക-ആരോഗ്യം ഉറപ്പാക്കുക.

- കുട്ടികളുടെ സർവ്വതോൻമുഖമായ വികസനത്തിനു വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്ക്കൂൾ പഠനാന്തരീക്ഷത്തെയും പഠന പരിസരത്തെയും മാറ്റിയെടുക്കുവാൻ പരിശ്രമിക്കുകയും ചെയ്യുക.

- പാരിസ്ഥിതിക അവബോധം, സാമൂഹികാവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

- സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമാക്കി വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുക.

- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സഹായത്തിലൂടെ പഠനാന്തരീക്ഷം ലളിതമാക്കുക.

- കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിക്കും അഭിരുചിക്കനുസരിച്ചു മികവു തെളിയിക്കുന്നതിനുള്ള അവസരങ്ങൾ നൽകുക.

- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാനുതകുന്ന ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക.

- സ്കൂൾ ലൈബ്രറി വിപുലീകരിക്കുക.
- ജൈവ വൈവിധ്യ ഉദ്യാനം വിപുലീകരിക്കുക.
- ശാസ്ത്ര ഗണിത ശാസ്ത്ര ലാബ് രൂപപ്പെടുത്തുക.
- കംപ്യൂട്ടർ ലാബ് പ്രവർത്തനം വികസിപ്പിക്കുക.
- ഊർജ്ജ സംരക്ഷണ പ്രവർത്തങ്ങൾക്ക് പിന്തുണയും സഹായവും നൽകുക.
- ക്ലബ് പ്രവർത്തനങ്ങളും ദിനാചരണങ്ങളും പാഠ്യാനുബന്ധിയാക്കുക.
- ലഹരി വിരുദ്ധ കൂട്ടായ്മക്ക് പിന്തുണ നൽകുക.
- കലാ-കായിക, ആരോഗ്യ-സാഹിത്യ അഭിരുചികൾ വികസിപ്പിക്കുക.
- ഭിന്നശേഷിക്കാരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പദ്ധതികൾ രൂപകൽപന ചെയ്യുക.

## പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

01. മാസാന്ത എസ്.ആർ.ജി യോഗത്തിൽ അക്കാദമിക മാസ്റ്റർപ്ലാൻ ചർച്ചയും അഭിപ്രായ രൂപീകരവും നടത്തി അടുത്ത പി.ടി.എ എക്സിക്യൂട്ടീവ് യോഗത്തിൽ അവതരണം.

02. പി.ടി.എ എക്സിക്യൂട്ടീവ് യോഗം അക്കാദമിക മാസ്റ്റർപ്ലാനിന്റെ രൂപരേഖയും പ്രവർത്തന പദ്ധതിയും മെച്ചപ്പെടുത്താൻ ആവശ്യമായ സഹായങ്ങൾ വാഗ്ദാനം ചെയ്തു. പി.ടി.എ ജനറൽബോഡിയിൽ അക്കാദമിക മാസ്റ്റർപ്ലാൻ പൊതു ചർച്ചയും ആശയ രൂപീകരണവും നടത്താനും നിർദ്ദേശങ്ങൾ സ്വീകരിക്കാനും തീരുമാനിച്ചു.

03. എസ്.ആർ.ജി യോഗത്തിൽ അധ്യാപകരെ വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കി പ്രവർത്തന പദ്ധതികൾ തീരുമാനിച്ച് രേഖപ്പെടുത്താനും അകകാദമിക മാസ്റ്റർ പ്ലാൻ കരട് അടുത്ത എക്സിക്യൂട്ടിവിലേക്ക് അവതരിപ്പിക്കാനും തീരുമാനിച്ചു.

04. പി.ടി.എ ജനറൽ ബോഡിയും എം.പി.ടി.എ പൂർവ്വ വിദ്യാർത്ഥി പ്രതിനിധികളെയും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരെയും വിളിച്ചു ചേർത്ത് പൊതുവേദിയിൽ അക്കാദമിക മാസ്റ്റർപ്ലാനിന്റെയും കരട് പ്രസിദ്ധീകരിക്കാനും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാൻ രണ്ടാഴ്ച സമയമനുവദിക്കാനും തീരുമാനിച്ചു. 2017 ഡിസംബർ 5നു പൊതുവേദിയിൽ വെച്ച് മാസ്റ്റർപ്ലാൻ കരട് എസ്.ആർ.ജി കൺവീനർക്കു വേണ്ടി ഷരീഫ് മാസ്റ്റർ അവതരിപ്പിച്ചു.

05. ജനുവരി 15നു പൂർണ്ണമായ മാസ്റ്റർപ്ലാൻ ഡി.ടി.പിക്കു കൊടുക്കാനും പി.ടി.എ എക്സിക്യൂട്ടീവ് യോഗത്തിൽ തീരുമാനിക്കുകയും ഫെബ്രുവരി 1നു പൊതുവേദിയിൽ പുറത്തിറക്കാനും തീരുമാനമായി.

## മികവിനായി കാലിക്കറ്റ് ഓർഫനേജ് എ.എൽ.പി സ്കൂൾ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ▪ ഭാഷാശേഷി വികസനം<br>▪ ഗണിത ശേഷി വികസനം<br>▪ ഇംഗ്ലീഷ് പഠന പരിപോഷണം<br>▪ ശാസ്ത്രപോഷണ പരിപാടി<br>▪ വായനാ പരിപോഷണം<br>▪ ലൈബ്രറി ശാക്തീകരണം<br>▪ ലാബ് സജ്ജീകരണം<br>▪ പ്രതിഭാപോഷണ പരിപാടി<br>▪ നാടക കളരി<br>▪ ജൈവവൈവിധ്യ പാർക്ക്<br>▪ സാഹിത്യ പോഷണ പരിപാടികൾ<br>▪ പഠന യാത്രകൾ<br>▪ കലാ- കായിക മേളകൾ<br>▪ അധ്യാപക ശാക്തീകരണ പരിപാടികൾ<br>▪ ക്ലാസ് പി.ടി.എ സജീവമാക്കൽ<br>▪ സ്കൂൾ പത്രം/മാസിക<br>▪ പ്രവൃത്തി പരിചയ പഠനം<br>▪ ഒന്നാം ക്ലാസ് ഒന്നാം തരം<br>▪ എസ്.ആർ.ജി ശാക്തീകരണം<br>▪ ശാസ്ത്രാഭിരുചി വളർത്തൽ<br>▪ പച്ചക്കറിത്തോട്ടം<br>▪ രചനാ ശിൽപശാല<br>▪ അഭിമുഖങ്ങൾ<br>▪ മെഡിക്കൽ ക്യാമ്പ്<br>▪ പോഷകാഹാര പരിപാടി<br>▪ പാവനാടക പരിശീനലം/ശിൽപശാല<br>▪ ഒറിഗാമി ശിൽപശാല<br>▪ ഗണിത ലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>▪ ഭാഷാ ലാബ്<br>▪ ബാല<br>▪ ബ്ലോഗ്<br>▪ ടേം മൂല്യനിർണയം, നിരന്തര' വിലയിരുത്തൽ<br>▪ ദിനാചരണം<br>▪ കായിക പഠനം | • ചിൽഡ്രൻസ് പാർക്ക്<br>• വിശ്രമ മുറി<br>• ലൈബ്രറി<br>• ഡൈനിംഗ് ഹാൾ<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ലബോറട്ടറി<br>• കൃഷിത്തോട്ടം<br>• എന്റെ ചെടി എനിക്കും പറയാനുണ്ട്<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെട്രിക് മേള | ▪ പി.ടി.എ ശക്തിപ്പെടുത്തൽ<br>▪ എസ്.എം.സി, എസ്.എം.ഡി.സി കാര്യക്ഷമമാക്കൽ<br>▪ വിദ്യാലയ വികസന സമിതി<br>▪ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>▪ എസ്.എസ്.ജി, എൽ.എസ്.ജി ബന്ധം<br>▪ ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>▪ ക്ലാസ് പി.ടി.എ മാതൃകാപരമാക്കാനുള്ള നടപടികൾ<br>▪ വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>▪ വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ<br>▪ റിസോഴ്സ് മാപ്പിംഗ്<br>▪ പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കംപ്യൂട്ടർ പരിശീലനം<br>▪ പഠനക്കൂട്ടം<br>▪ പ്രാദേശിക പി.ടി.എ<br>▪ ഭവന സന്ദർശനം |

## അവസ്ഥാവിശകലനം - നേട്ടങ്ങളും, പരിമിതികളും

**നേട്ടങ്ങൾ:-**

ഫറോക്ക് ഉപജില്ലയിൽ സംഘടിപ്പിക്കപ്പെട്ട വിവിധ രചനാ മത്സരങ്ങളിലും കലാമേളകളിലും നിരന്തരം കുട്ടികളെ പരിശീലിപ്പിച്ച് പങ്കെടുപ്പിക്കുകയും സമ്മാനങ്ങൾ നേടിക്കൊടുക്കുകയും ചെയ്തു വരുന്നു. സ്കൂളിലെ കുട്ടികൾ അണിനിരന്നുകൊണ്ട് വിവിധ സാമൂഹിക തിന്മകൾക്കെതിരെ ചിത്രീകരണം, തെരുവുനാടകം, പ്രചാരണങ്ങൾ, നിവേദനങ്ങൾ തുടങ്ങിയവ തയ്യാറാക്കുകയും വൈദ്യുതി സംരക്ഷണ കേമ്പയിൻ ജലസംരക്ഷണ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി ഹ്രസ്വചിത്രം എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇവയൊക്കെ സമൂഹത്തിന്റെയും വിദ്യാഭ്യാസ അധികൃതരുടെയും പ്രശംസ പിടിച്ചുപറ്റുകയും ചെയ്തിട്ടുള്ളവയാണ്.

**പരിമിതികൾ :**

പ്രൈമറിതലത്തിൽ പാഠ്യപദ്ധതി നിഷ്കർഷിക്കുന്ന പഠനനേട്ടങ്ങളും ശേഷികളും എല്ലാ കുട്ടികൾക്കും ഭാഷാതലത്തിൽ നേടാൻ കഴിയുന്നില്ല. ഭാഷാപഠനത്തിന്റെ വിവിധ തലങ്ങളിലുള്ള പഠനനേട്ടങ്ങളിലേക്ക് രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. മലയാള ഭാഷാപഠനം എഴുത്തും വായനയും ഏകദേശം അറിയുക എന്ന തലത്തിലേക്ക് ചുരുങ്ങിപ്പോവുന്നു.ഭാഷയുടെ പ്രാദേശികവും സംസാരഭാഷയുടെ സ്വാഭാവിക പ്രത്യേകതകളും ഇടപെടലുകളും ഉച്ചാരശുദ്ധിയെയും ഭാഷാനിലവാരത്തെയും ബാധിക്കുന്നു.ഭാഷാനൈപുണികളുടെ വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള ആശയവിനിമയ ശേഷിയുടെ വളർച്ചയെയോ രചനാരീതികളെയോ സ്വായത്തമാക്കാനുള്ള പിന്തുണ നൽകാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല. ക്ലാസുകളിൽ എല്ലാകുട്ടികളും ഫലപ്രദമായ രീതിയിൽ ലൈബ്രറിപുസ്തകങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. വായനാസാമഗ്രികളുടെ വികസനവും കൃത്യമായി നടക്കുന്നില്ല. നിലവിലെ മൂല്യനിർണ്ണയരീതികളും പാഠാസൂത്രണത്തിലും പഠനപ്രവർത്തനങ്ങളിലും അധ്യാപകരുടെ വീഴ്ച ഒരുവരിധിവരെ ഭാഷാപഠനത്തെ സ്വാധീനിക്കുന്നു. ക്ലാസ്ടീച്ചർ തന്നെ എല്ലാവിഷയങ്ങളും പഠിപ്പിക്കുന്ന രീതി ഭാഷയിൽ വേണ്ടത്ര സർഗ്ഗശേഷിയില്ലാത്ത അധ്യാപകരെയും ഭാഷ പഠിപ്പിക്കാൻ പ്രേരിപ്പിക്കുന്നതും ഭാഷാപഠനത്തിന്റെ പരിമിതികളിൽ ചിലതാണ്.

## ഭാഷാപഠനം - ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

**ലക്ഷ്യങ്ങൾ:**

1. എല്ലാകുട്ടികൾക്കും ഉയർന്ന വായനാശേഷികൾ കൈവരിക്കുന്നതിനും വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുന്നതിനും അവസരങ്ങൾ ഉണ്ടാക്കും.

2. ആസ്വാദ്യകരമായ വായനക്കും വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിനും കുട്ടികളെ പ്രാപ്തരാക്കും..

3. എല്ലാകുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കിമാറ്റും.

4. ക്ലാസ്സ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കും.

5. രചനാത്മകമായ കഴിവ് വളർത്തും.

6. വായനസാമഗ്രികൾ കണ്ടെത്തുകയും, പരിചയപ്പെടുകയും രൂപപ്പെടുത്തുകയും ചെയ്യും.

**പ്രവർത്തനങ്ങൾ:**

1. എല്ലാവർഷവും, വായനാദിനം പുസ്തകസമാഹരണ പരിപാടി നടത്തി ക്ലാസ്സ് ലൈബ്രറി വിപുലപ്പെടുത്തൽ

2. ബർത്ഡേ ബുക്ക്ഡേ ആയി ആചരിക്കൽ (വിദ്യാർത്ഥികളുടെ ജന്മദിനത്തിൽ സ്കൂളിന്/ക്ലാസ്സിന് ഒരു പുസ്തകം നൽകൽ)

3. പത്രവായന - അസംബ്ലിയിലും ക്ലാസ്സിലും വാർത്താ വായന പത്രവാർത്തകളെ ആസ്പദമാക്കി ആഴ്ചയിലൊരിക്കൽ ക്വിസ്മത്സരം - പത്രങ്ങൾ പൊതുവായനക്കായി പ്രദർശിപ്പിക്കൽ

4. അസംബ്ലിയിൽ വായനാകുറിപ്പ് വായന-പുസ്തകം പരിചയപ്പെടുത്തൽ

5. വായനയുടെ വ്യത്യസ്ത തലങ്ങൾ പരിചയപ്പെടൽ വായനാ കാർഡുകൾ ഉപയോഗിക്കൽ

6. രചനാ ശിൽപശാല സംഘടിപ്പിക്കൽ - സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ

7. കഥയരങ്ങ് - കവിയരങ്ങ് - നാടകകളരി തുടങ്ങിയവ സംഘടിപ്പിച്ച് കുട്ടികൾക്ക് അവരുടെ ആവിഷ്കാരങ്ങളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കൽ

8. കഥാപൂരണം - അടിക്കുറിപ്പ് മത്സരം - കയ്യെഴുത്ത് മാസിക, ചുമർ മാഗസിൻ, പതിപ്പുകൾ തുടങ്ങിയവയിലൂടെ രചനാശേഷി പരിപോഷിപ്പിക്കൽ

9. വിദ്യാരംഗം കലാസാഹിത്യവേദി, ആകാശവാണി ക്ലബ് തുടങ്ങിയ വേദികളിലൂടെ അവതരണം.

10. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വായനക്കൂട്ടം, അമ്മവായന, ചിത്രവായന, ഐ.സി.ടി. പിന്തുണാവായന തുടങ്ങിയവ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

11. വിവിധ ഭാഷാ വ്യവഹാരരൂപങ്ങൾ പരിചയപ്പെടുത്തി ഒരു വ്യവഹാരരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റി ആവിഷ്കരിക്കൽ

12. ദിനാചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എസ്.ആർജിയിൽ രൂപപ്പെടുത്തി സംഘടിപ്പിക്കുന്നു.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്നവിശകലനം - ഫോർമാറ്റ് 1

| മേഖല: അക്കാദമികം | | വിഷയം: മലയാളം |
|---|---|---|
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| **കുട്ടി**<br>* അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയിലെ ധാരണക്കുറവ്<br><br>**ടീച്ചർ**<br>* എല്ലാതരത്തിലുള്ള കുട്ടികളെയും പരിഗണിക്കുന്ന തരത്തിലുള്ള ക്ലാസ്സ്റൂം കൈകാര്യം ചെയ്യുന്നതിന്<br><br>**രക്ഷിതാവ്**<br>* എല്ലാ വീട്ടിലും പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.<br>* രക്ഷിതാക്കൾ സ്കൂളുമായി നിരന്തരം പന്ധപ്പെടുന്നില്ല.<br><br>**സംവിധാനം**<br>* അധ്യാപക പരിശീലനത്തിലെ മികവില്ലായ്മ | * Pre-test നടത്തി കുട്ടിയുടെ നില നിർണ്ണയിക്കൽ<br><br>* അടിസ്ഥാനശേഷികൾ ഉറപ്പിക്കൽ<br><br>* എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ട് പാഠാസൂത്രണവും പഠനോപകരണങ്ങളും തയ്യാറാക്കുക<br><br>* മലയാളം ക്ലബ് രൂപീകരിക്കുക<br><br>* Class PTA ഫലപ്രദമാക്കുക വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പ്രവർത്തനം IT പഠനപിന്തുണാപരിശീലനം അധ്യാപകർക്ക് ലഭ്യമാക്കൽ | * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം)<br><br>* കുട്ടിയെ മികച്ച വായനക്കാരനാക്കുക വായനാകുറിപ്പ്<br><br>* കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക<br><br>* അക്ഷരങ്ങൾ ചിഹ്നങ്ങൾ സർഗ്ഗാത്മക പ്രവർത്തനം<br><br>*പിന്നോക്കക്കാർക്ക് ആവശ്യമായ കൈതാങ്ങ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (കുഞ്ഞുമലയാളം) | 1. Pre-Test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ്<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ ജൂലായ് | ക്ലാസ്സ് ടീച്ചർ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനാകുറിപ്പ്) വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ അറിവ് വിജ്ഞാനോത്സവ ക്വിസ് മത്സരം ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനം | 1. ക്ലാസ്സ് വായനാക്കൂട്ടം നിർമ്മിക്കുക<br>2. വായനാ മൂല നിർമ്മിക്കുക<br>3. സ്കൂൾ ലൈബ്രറി നവീകരണം<br>4. ഗ്രന്ഥശാലാ സന്ദർശനം<br>5. വായനോത്സവം സംഘടിപ്പിക്കുക<br>6. അമ്മ വായന<br>7. പത്ര വായന<br>8. വായനാകുറിപ്പ് പതിപ്പ്<br>9. സ്കൂൾ സഭ<br>10. ബാല സഭ<br>11. ദിനാചരണങ്ങൾ<br>12. ആകാശവാണി ക്ലബ്<br>13. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന<br>14. കാവ്യക്കൂട്ടം | പ്രതിമാസ പരിപാടി | PTA<br>S.R.G<br>S.S.G<br>C.P.T.A<br>Staff Council<br>Class Teachers | 2000<br>P.T.A |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കവിയരങ്ങ് / കഥയരങ്ങ് നാടകക്കളരി തുടങ്ങിയവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉൽപന്നങ്ങൾ പതിപ്പായി പുറത്തിറക്കൽ – ക്ലാസ്സ് മുറിയിലും സ്കൂളിലും ഉൽപന്നങ്ങളെ ഉപയോഗപ്പെടുത്തൽ | | വിദ്യാരംഗം കലാസാഹിത്യവേദി ക്ലാസ്സ് അധ്യാപകർ | 2500<br>Sponsership |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലെ വിവിധ വ്യവഹാര രൂപങ്ങളിൽ മികവും നൈപുണിയും നേടുക | പ്രാദേശികമായി ലഭ്യമാവുന്ന എഴുത്തുകാരെയോ പ്രഗൽഭരായ ഭാഷാധ്യാപകരെയോ സ്കൂളിൽ എത്തിച്ച് വായനാനുഭവങ്ങൾ പങ്കുവെക്കലും ലളിതമായ വ്യവഹാരമാറ്റ ആവിഷ്കാരം നടത്തുക. | വർഷത്തിൽ ഒരിക്കൽ അനുയോജ്യമായ യൂണിറ്റിന് ശേഷം | വിദ്യാരംഗം കലാസാഹിത്യവേദി S.R.G | 1000 P.T.A |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. (അക്ഷരങ്ങൾ ചിഹ്നങ്ങൾ സർഗ്ഗാത്മക പ്രവർത്തനം) സർഗ്ഗശേഷികളുടെ പോഷണം | 1. എഴുത്തുകൂട്ട രൂപികരണം.<br>2. ക്ലാസ്സ് ലൈബ്രറി<br>3. വായനാകുറിപ്പ് പതിപ്പ്<br>4. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കുക<br>5. പുസ്തകരചന<br>6. വ്യക്തിഗത രചന<br>7. സംഘരചന<br>8. രചനാകൂട്ടം<br>9. കാവ്യകൂട്ടം<br>10. ബാലസഭ മികവുറ്റതാക്കൽ<br>11. കഥാ കവിതാ നിർമ്മാണശാല<br>12. കാവ്യാഞ്ജലി<br>13. പുസ്തക ചർച്ച<br>14. ഇൻലന്റ് ചുമർമാസിക<br>15. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>16. സാഹിത്യസാംസ്കാരിക ചിത്രഗാലറി | പ്രതിമാസ പരിപാടി വർഷത്തിൽ രണ്ടുപ്രാവശ്യം വർഷത്തിൽ ഒരിക്കൽ | B R C DIET PTA ജനപ്രതിനിധികൾ അധ്യാപകർ സാഹിത്യകാരൻമാർ | 1000 P.T.A |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കലും അവതരണ മികവ് കൈവരിക്കലും | അനുയോജ്യമായ പാഠഭാഗങ്ങളെ വിവിധ രൂപങ്ങളിലാക്കി അവതരിപ്പിക്കൽ (നാടകം, പാവനാടകം, കവിത, കഥ) | വർഷത്തിൽ രണ്ടുപ്രാവശ്യം | വിദ്യാരംഗം കലാ സാഹിത്യ വേദി | 1000 P.T.A |
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | സ്കൂൾ റേഡിയോ പ്രക്ഷേപണം - റെക്കോർഡിംഗ്- സി.ഡി സംപ്രേക്ഷണം സ്കൂൾ അസംബ്ലിയിലും, ക്ലാസിലും പ്രസംഗത്തിനുള്ള അവസരം - സർഗ്ഗവേളയിൽ വിവിധ പരിപാടികളുടെ അവതരണം - വിഷയാധിഷ്ഠിത ചർച്ചകൾ സംഘടിപ്പിക്കൽ | ഒഴിവ് സമയങ്ങളിൽ<br>ആഴ്ചയിൽ ഒരിക്കൽ | S.R.G | |
| പിന്നോക്കക്കാർക്ക് ആവശ്യമായ കൈത്താങ്ങ് നൽകലും വിവിധ ശേഷികളുടെസമഗ്ര വികസനവും | 1. പാവനാടകം<br>2. സി. ഡി. പ്രദർശനം<br>3. കളി ചങ്ങാടം<br>4. Motivation camp<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S.R.G യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | രണ്ടുമാസം<br>ഉചിതമായ സമയങ്ങളിൽ | ക്ലാസ്സ് അധ്യാപകൻ | 2000 |

# മലയാളം– പ്രവർത്തന കലണ്ടർ

| | |
|---|---|
| ജൂൺ | – Pre test |
| ജൂൺ | – വായനാകൂട്ടം – വായനാ ദിനം / മാമ്മനൊരുപുസ്തകം / അമ്മവായന |
| ജൂൺ | – വായനാമൂല |
| ജൂൺ | – 30 സ്കൂൾ ലൈബ്രറി നവീകരണം |
| ദിനാചരണം | |
| ജൂലൈ | – വൈക്കം മുഹമ്മദ് ബഷീർ (ചുമർപത്രിക നിർമ്മാണം, പ്രദർശനം, സംയുക്ത ഡയറി ഉദ്ഘാടനം) |
| ജൂലൈ | – ജോസഫ് മുണ്ടശ്ശേരി ജന്മദിനം |
| ജൂലൈ | –വായനാകുറിപ്പ് പതിപ്പ് പ്രകാശനം |
| ആഗസ്റ്റ് | – സ്കൂൾ ബാലസഭാ ഉൽഘാടനം / രചനോത്സവം ഉദ്ഘാടനം ,സ്കൂൾ തെരഞ്ഞെടുപ്പ് |
| ആഗസ്റ്റ് | – സ്വാതന്ത്ര്യദിനം ക്വിസ് |
| സെപ്തംബർ | – കാവ്യക്കൂട്ടം / രചന പരിചയകുറിപ്പ്, പരിചയപ്പെടൽ |
| സെപ്തംബർ | – അധ്യാപകദിനം (പൂർവ്വ അധ്യാപക ആദരം) |
| സെപ്തംബർ | – അമ്മവായന – പുസ്തക വിതരണം – കുറിപ്പ് തയ്യാറാക്കൽ |
| സെപ്തംബർ | – ഞീശേ്മശീ രമാു പിന്നോക്കക്കാർക്ക് |
| ഒക്ടോബർ | – ഗാന്ധിജയന്തി – ദേശഭക്തിഗാന മത്സരം, ഗാന്ധി ക്വിസ്, പ്രസംഗം |
| ഒക്ടോബർ | – ഇൻലൻറ് ചുമർപത്രിക നിർമ്മാണം (നാലാം ക്ലാസ്സ്) |
| ഒക്ടോബർ | – പാവനാടകം |
| ഒക്ടോബർ | – കഥാനിർമ്മാണ ശാല |
| നവംബർ | – കേരളപ്പിറവി (സി.ഡി. പ്രദർശനം) |
| നവംബർ | – ശിശുദിനം – നെഹ്റു തൊപ്പി നിർമ്മാണം, ആശംസാ കാർഡ് നിർമ്മാണം |
| നവംബർ | – സാഹിത്യ സാംസ്ക്കാരിക ചിത്രഗാലറി സന്ദർശനം |
| ഡിസംബർ | – ഗ്രന്ഥശാലാ സന്ദർശനം |
| ഡിസംബർ | – ബാലസഭ (സ്കൂൾ) |
| ജനുവരി | – നാടക കളരി |
| ജനുവരി | – കുമാരനാശാൻ ദിനം, കവിതാശേഖരണം, ആലാപനം, പ്രദർശനം |
| ജനുവരി | – റിപ്പബ്ലിക് ദിനം – പതാക നിർമ്മാണം, സ്വാതന്ത്ര്യസമര സേനാനികളുടെ സി.ഡി പ്രദർശനം |
| ഫെബ്രുവരി | – പിന്നോക്കക്കാർക്ക് സഹവാസ ക്യാമ്പ് |
| ഫെബ്രുവരി | – Post test |
| | – പഠനോത്സവം |

## ഫലപ്രദമായ രീതിയിൽ സ്കൂൾ ലൈബ്രറി ഉപയോഗം

- പുസ്തകങ്ങൾ തരംതിരിച്ച് ഓരോ ക്ലാസ്സിനും അനുയോജ്യമായ രീതിയിൽ വിതരണം ചെയ്യൽ
- ക്ലാസ്സ് ലൈബ്രറി വ്യവസ്ഥാപിതമാക്കൽ
- ക്ലാസ്സ് ടീച്ചർക്കും ലീഡർക്കും ഉത്തരവാദിത്വം നൽകൽ
- ജൂൺ മാസാരംഭത്തിൽ തന്നെ കുട്ടിലൈബ്രേറിയൻമാരെ തിരഞ്ഞെടുത്ത് ആഴ്ചയിലൊരിക്കൽ പുസ്തകവിതരണം നടത്തൽ
- ബർത്ത്ഡേ ബുക്ക്ഡേ ആയി ആചരിക്കൽ
- സ്കൂളിൽ പുസ്തക പയറ്റ് സംഘടിപ്പിക്കൽ
- വായനാകുറിപ്പ് തയ്യാറാക്കൽ
- പുസ്തകതൊട്ടിൽ - പുസ്തകസമാഹരണം - പ്രദർശനം - വിൽപന എന്നിവ സംഘടിപ്പിക്കൽ

## പ്രതിഭാ നിർണയം

| മേഖല: അക്കാദമികം | | വിഷയം: പ്രതിഭാ നിർണ്ണയം | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | ചുമതല |
| പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികൾക്ക് മൽസര പരീക്ഷകളിൽ പങ്കെടുകകാനുള്ള ആത്മ വിശ്വാസം വർദ്ധിപ്പിക്കുക. | എൽ.എസ്.എസ് ലക്ഷ്യമാക്കി ക്ലാസ് അടിസ്ഥാനത്തിലും മൊത്തത്തിലും പ്രത്യേക പരിശീലനം നൽകുക.<br><br>മികച്ച അധ്യാപകരും വിഷയ തൽപരരുമായ അധ്യാപകരെ കൊണ്ട് പരിശീലനം നൽകുകയും ചോദ്യപേപ്പർ ചർച്ച സംഘടിപ്പിക്കുകയും ചെയ്യുക. | ഒക്ടോബർ - ഡിസംബർ<br><br>ജനുവരി-ഫെബ്രുവരി | 2000<br><br>3000 | ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പി.ടി.എ<br><br>എസ്.ആർ.ജി |

# ജൈവ വൈവിധ്യ ഉദ്യാനം രൂപപ്പെടുത്തൽ

**ആമുഖം:**

പ്രകൃതിയോടൊപ്പം, പ്രകൃതിയുടെ ഭാഗമായി കുട്ടികൾ ജൈവബന്ധം പുലർത്തി വളരേണ്ടതുണ്ട്. അതിനു സഹായകമാവുന്ന തരത്തിൽ വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യ ഉദ്യാനം രൂപപ്പെടുത്തുകയും സ്കൂൾ പരിസരത്തെ മികച്ചൊരു പാഠപുസ്തകമാക്കി നിലനിർത്തുകയും വേണം. ഭാഷ, ഗണിതം, ശാസ്ത്രം, സർഗാത്മക പ്രവർത്തനങ്ങൾ തുടങ്ങിയവക്കെല്ലാം ഈ പാഠപുസ്തകം ഉപയോഗപ്പെടുത്താം. കുട്ടികളിൽ പാരിസ്ഥിതിക അവബോധം സാമൂഹിക അവബോധം, മാലിന്യ നിർമാർജ്ജന അവബോധം, വിമർശന അവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുകയും പഠനത്തെ പരിസരബന്ധിയും ജീവിത ഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

**ലക്ഷ്യം:**

- മനുഷ്യർ പ്രകൃതിയുടെ ഭാഗമാണെന്നും ഈ പ്രകൃതി നിലനിൽക്കേണ്ടത് മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും നിലിൽപ്പിന് അത്യന്താപേക്ഷിതമാണെന്നും ബോധ്യപ്പെടുത്തുക.

- സ്കൂൾ പരിസരത്തെ പഠന ബന്ധിയാക്കി നിലനിർത്തുകയും ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കുട്ടികളിൽ പ്രകൃതി ബോധം നിലനിർത്തുക.

- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം എന്നിവയെക്കുറിച്ച് കുട്ടികളിൽ ധാരണ സൃഷ്ടിക്കുക.

- സ്കൂൾ പരിസരത്തെ ആകർഷകമാക്കി നിലനിർത്തുകയും കുട്ടികൾ ഇഷ്ടപ്പെടുന്ന തരത്തിലുള്ള ചിത്രശലഭങ്ങളെയും, തുമ്പി, വണ്ട് തുടങ്ങിയ ജീവികളെയും പക്ഷികളെയും ഉദ്യാന സന്ദർശകരാക്കി മാറ്റി കുട്ടികളുമായി ചങ്ങാത്തം കൂടാൻ അവസരം സൃഷ്ടിക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉദ്യാന രൂപകൽപനയെക്കുറിച്ചു ധാരണ സൃഷ്ടിക്കുക | ഗ്രൂപ്പ് പ്രവർത്തനം പ്ലാൻ തയ്യാറാക്കൽ | ജൂൺ | പരിസ്ഥിതി ക്ലബ്ബിന്റെ കീഴിൽ | 3000 |
| ജൈവവൈവിധ്യ ഉദ്യാനം വിദ്യാലയത്തിൽ നിലനിർത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക. | ഒരു കുട്ടി ഒരു തൈ കൊണ്ടുവരിക | ജൂലൈ | പിരസ്ഥിതി ക്ലബ് കൺവീനർ | |
| പരിസരത്തെ അടുത്തറിയുക | പരിസര സർവ്വെ നടത്തുക | ആഗസ്റ്റ് | ക്ലാസ് ടീച്ചർ, സി.പി.ടി.എ | യാത്രാ ചിലവ് 1000 |
| സ്കൂൾ പരിസരം ഹരിതാഭമാക്കി നിലനിർത്തുക | നടീൽ | ആഗസ്റ്റ് - സെപ്തംബർ | പി.ടി.എ, എം.പി.ടി.എ | 5000 |
| മാലിന്യനിർമ്മാർജ്ജനം, ജൈവവള ഉപയോഗത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക. | മണ്ണിര കമ്പോസ്റ്റ് രൂപപ്പെടുത്തൽ | | .പി.ടി.എ | 2000 |

## ENGLISH

As a global language, English has much importance in the Indian context. Learning English language has become a topic of discussion now a days. In India, English language is considered as the symbol of quality education.

English language is necessary to our children for their national and international relationship. It is necessary to use English in Scientific, Communicative and Internet fields. So our Education department has formed enjoyable text books including many activities to enrich the language skills of our children in primary classes.

## TRUE STAND

We have been teaching English in the prescribed narrative method for a long period. Only very few students are able to produce different discourses at the expected level. Most of the students are not confident to use freely the language without fear. The confidence level of learners and teachers in using English has to be raised. Teachers should be empowered to use various teaching strategies, assessment techniques and learning resource materials in the relevant context effectively.

English is not taught in a natural way. The child never get meaningful need based language experience in the class room. They seldom get opportunities for expression and sharing the language freely. Lack of the English speech community around the children has often been pointed out as the biggest hindrance for them in the language acquisition process. Communication skill development is to be identified as an area to be improved. Lack of knowledge about the elements of language is also one of the reasons of incompetency in English.

## Hard spots – child related:

01.Lack of confidence in using English.

02.Mechanical process of learning language.

03.Lack of need based language context.

04.Lack of opportunities in using Communicative English.

05.Lack of knowledge about elements of the language.

06.Lack of vocabulary.

## Teacher related:

01.Teacher can't attract the child to his language.

02.Teacher fails to use various strategies in the English class room.

03.Teacher can't use the language in a natural way.

04.Time.

## Parent related:

01.Parents neglect the practical side of language learning.

02.They never communicate to the children through English.

03.Lack of knowledge about the elements of English language.

## Agency related:

01.Teacher empowerment programmes are not sufficient to make confidence in Teachers.

02.Teachers should get practical training in using language.

**Remedies:**

01.Conduct pre-test in language and understand the level of child.

02.Try to develop the basic skill of the language.

03.Use different narrative techniques in the class.

04.Make language learning enjoyable experience.

05.Form English club and find interesting activities.

06.Use ICT facilities in language learning.

07.Create natural situation for practicing language.

## Objectives:

- To develop the basic skills of the language
- To enrich the language proficiency of primary students.
- To help them to come close to an alien language with communicative skills.
- To help them to read and write language.
- To enrich vocabulary.
- To appreciate the beauty of language by hearing and reading its literature ( Stories, Rhymes, Songs, Dramas etc. )

## Activities

- Listening activities....stories with different narratives, rhymes.
- Speaking.....Deliver speech in Assembly
- Perform skits– write scripts – drama
- Prepare support materials.... cut outs drawings, masks and develop English canvas to display their creative work.
- Vocabulary building activities.
- Games, Riddles and Puzzles.
- Rhymes.
- Choreography.
- Wall magazine....Magazines.
- Presenting review.
- ICT associated activities.

# Academic Master Plan

Problem analysis format- 1

| Area- Academic | Subject - English | |
|---|---|---|
| Causes | Remedies | Activities |
| Child:<br>Lack of confidence, Lack of knowledge about the elements of language<br><br>Lack of chances to improve the inner competence needed for effectives communication<br><br>Teacher:<br>Teacher can't prepare activities according to the level of children<br><br>Parent level:<br>Parent consider that English learning is just Reading and writing of the language. They neglect the communicative level of language.<br><br>Agency:<br>Inefficient teacher training | Conduct pre-test and grade the children.<br><br>Make confidence, Give comprehensible input to promote English language acquisition<br>Build up an English atmosphere in the class and school<br><br>Prepare Learning aids and plan lessons considering all children<br><br>Make them aware of the communicative aspect of language<br>Exploit the communicative atmosphere using dialogues<br><br>Arrange effective teacher training programme | Speak English in the class room. English Assembly English diary language games English reading corner.<br>Balasabha<br>Angering<br>English fest<br>Rhymes<br>Role-play<br>Skit<br>Choreography<br>Review presentation<br>Reading note<br>Games, Riddles and puzzles<br>Word building activities<br>Prepare support Materials ... description<br><br>Dialogue |

## Activity 1 English Assembly

## Area: - English news reading review note reading

| Objectives | Activities | Duration | Duty |
|---|---|---|---|
| To enable all the students to read and write English effectively. | Read news in Assembly Deliver speech in Assembly. | Once in a week | Class teacher |
| To improve and develop the language skills | Prepare and present review notes in Assembly | | |
| | English Radio | Once in a week | Class teacher SRG |

## Activity 2 English Diary writing

| Objectives | Activities | Duration | Duty |
|---|---|---|---|
| To enable the children to write English | Write day to day events as a diary | Every day | Class teacher |

## Activity 3 English Chatting

| Objectives | Activities | Duration | Duty |
|---|---|---|---|
| To improve the competence in communication | Exploit class room situation to speak English | Every day | Class teacher |

## Activity 4 Language Activity

| Objectives | Activities | Duration | Duty |
|---|---|---|---|
| To enable the children to perform language games and develop communication skill | Perform word game, questionare puzzles, riddles | Once in a week | Class teacher English club |

## Activity 5 Balasabha

| Objectives | Activities | Duration | Duty |
|---|---|---|---|
| To improve and develop the communication skill | Presentation of stories, rhymes action song etc in 'Sargavedi' | Once in two week | Class teacher SRG |

## Activity 6 English Fest

| Objectives | Activities | Duration | Duty |
|---|---|---|---|
| To place the learner in various situations to use the language purposefully and meaningfully | Prepare and present skit, choreography | Once in a month | SRG |

## Activity 7 English Role play

| Objectives | Activities | Duration | Duty |
|---|---|---|---|
| Improve communicative skills | Perform skit<br>Perform drama<br>Perform choreography | After a unit | SRG |

## Activity 8 Puppetry

| Objectives | Activities | Duration | Duty |
|---|---|---|---|
| To improve the differently abled | Perform puppetry | After every lesson | Class teacher<br>PTA |

## Activity 9 CITE

| Objectives | Activities | Duration | Duty |
|---|---|---|---|
| To enable them to write English skit | Presentation of skit | | School<br>MPTA<br>SRG |

## Activity10 Prepare Magazine

| Objectives | Activities | Duration | Duty |
|---|---|---|---|
| To help them to prepare magazine | Group work<br>Prepare wall magazine | January – February | CPTA |

## Activity11 Word Tree

| Objectives | Activities | Duration | Duty |
|---|---|---|---|
| To enrich vocabulary | Word tree making dictionary | Every month | CPTA |

## Activity 12 English Theatre

| Objectives | Activities | Duration | Duty |
|---|---|---|---|
| To build up English communication skills | Write script perform drama | One month February | SRG CPTA |

## Activity 13 English Library

| Objectives | Activities | Duration | Duty |
|---|---|---|---|
| To familiarise them with English news paper, books, notice, cards, posters | Visit library and take library books. Prepare reading notes. Write appreciation notes | Once in a week | Class teacher SRG |

## English activity calendar

| June | October | February |
|---|---|---|
| • Pre-test<br>• Readers day<br>• Class library<br>• English assembly | • English magazine publishing<br>• Balasabha II | • Annual day celebration |
| July | November | |
| • English Club – formation<br>• English radio<br>• Balasabha I | • English language acquisition<br>• Easy English<br>• One day camp | |
| August | December | |
| • English speech – August 15<br>• Freedom fighters – skit | • English Fest | |
| September | January | |
| • English language motivation camp<br>• Magazine preparation | • Library visit<br>• Puppetry | |

اسم المدرسة: المدرسة الأبتدائية دار الإيتام كاليكوت

الموضوع : اللغة العربية.المستوى : الأتبدائية السفلي

# خطةدراسية

| الأهداف | العملية وفرعها | المدّة | لوسائل | المساعدة | المسؤلية |
|---|---|---|---|---|---|
| • تحسين قدرات الدّارسين لفهم اللغة العربية بسهولة و التحد نها<br>• التّأكيد بايصال النواتج التعلمية الى الدّارسين حسب مسواهم<br>• اعداد الفصول العربية | مذاهب التقدم<br>احتبار العلوم<br>توطيد الحروف<br>إنشاء الجملة<br>الألعاب اللعوية | ٤٥ يوم | الأسطوانات الكتب | هئة الدرسين و الأصياء<br>مركز المصادر التربوية | سكينة/ شريف |
| لتحسين الكتابية العربية الجيدة وقرائتها<br>• تسهل القيم الأنسانية والقيم التربوية خلال التدريس العربية<br>• تسهل القيم الأنسانية والقيم التربوية خلال التدريس العربية | القراءة الحسنة<br>حصلة القراءة الأسبوعية<br>مكتب الفصول<br>تجهيز ركن القراءة و الفصل<br>القراءة الأكتونية<br>الكتابة الجيدة<br>مجلة مكتوبة في الأبتدائية<br>مجمع الكتابات المختلفة<br>الجدارية<br>الجريدة والملصقات | ٤ شهر<br>٦ شهر | المجلات الجريدة الكتب الصورية<br>البطاقات الوحت الورقات في حجم ٤٤ | مندي العربية/ مركز المصادر القروية هنية المدرسين والأصياء<br>مركز المصادر القروية هنية المدرسين والأصياء | سكينة/ شريف |

| الأهداف | العملية وفرعها | المدّة | لوسائل للساعدة | | المسؤلية |
|---|---|---|---|---|---|
| • استخدام الأمكانية في مواصلة العربية<br>• تكوين الفرصة لتوسع المواهب الفنيّة و العملية | هايالعربية<br>•إنشاء الفرق العربية للحوار<br>•استماع الخطبة ولاخبار المحلة<br>•الحفلات الأدبية الألعاب اللغوية | ١٠ شهر | اسطونات الكمبوتر | مركز الصادر العربية/منذى العربية/ هيئة المدرسين و الأصباء | سكينة/ شريف |
| | محور العربية<br>•المكتب الأكتونية<br>•جمع القطعات العربية<br>•استخدام القاعة الذكيّة<br>•التعويض في اللغة العربية | سنتان | الأسطوانب قطع جرائد قاعة الذكيّة المدرسيّة | منذ العربية/ فرقة الدعم اللغوية/مركز الصادر القرويت | سكينة/ شريف |

## ഗണിതം- അവസ്ഥാ വിശകലനം - നേട്ടങ്ങളും പരിമിതികളും.

ഫറോക്ക് ഉപജില്ലാ ഗണിത ശാസ്ത്രമേളകളിൽ കുട്ടികളെ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ പ്രാപ്തരാക്കുകയും ഗണിത പസിലുകളിൽ ഗ്രേഡുകൾ നേടാൻ സഹായിക്കുകയും ചെയ്തു. ഗണിത ശാസ്ത്ര തൽപരരായ കുട്ടികളെ പ്രത്യേകം പരിശീലിപ്പിക്കുന്നു. എൽ.എസ്.എസ് പരീക്ഷക്ക് പ്രാപ്തരാക്കുവാൻ സഹായിക്കുന്നു.

എന്നാൽ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ ഗണിത ശാസ്ത്രത്തിൽ പൂർണ്ണമായും കുട്ടികളിലേക്കെത്തിക്കാൻ കഴിയുന്നില്ല. ഗണിതപാഠ ആസൂത്രണത്തിലെ പോരായ്മകൾ, പഠനോപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാതിരിക്കുക, ഗണിത ലാബിന്റെ അഭാവം, നിലവിലെ മൂല്യനിർണ്ണയം, ഗ്രേഡുകൾ മാത്രം ലക്ഷ്യമാക്കിയുള്ള പഠനം, രക്ഷിതാക്കൾക്ക് ഗണിത പഠനത്തിൽ പ്രായോഗിക സമീപനം സ്വീകരിക്കാൻ കഴിയാതിരിക്കുന്നത് തുടങ്ങി നിരവധി പരിമിതികൾ ഞങ്ങൾ അനുഭവിക്കുന്നുണ്ട്.

### കുട്ടികളും – കാരണങ്ങളും

ഗണിത പഠനത്തോട് താൽപര്യക്കുറവും - ചിലരിലെങ്കിലും കാണുന്ന വിഷയത്തോടുള്ള ഭയവും.
അടിസ്ഥാന ആശയങ്ങൾ സ്വായത്തമാക്കിയതിലെ ധാരണക്കുറവ് കുട്ടികൾക്ക് ഗണിതാശയങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാതെ വരികയും പഠനം യാന്ത്രികവും ഗണിത വസ്തുതകൾ പലരും കാണാതെ പഠിക്കാൻ പ്രേരിപ്പിക്കുന്നതായി മാറുകയും ചെയ്യുന്നു.

### അധ്യാപകരും കാരണങ്ങളും

വൈവിധ്യമാർന്നതും നൂതനവുമായ പഠനപ്രവർത്തനങ്ങളിലൂടെ കുട്ടികളെ ക്ലാസ്സിലേക്ക് പൂർണ്ണമായും ആകർഷിച്ചു നിർത്താൻ അധ്യാപകനു കഴിയുന്നില്ല. എല്ലാ കുട്ടികളെയും പരിഗണിക്കുന്ന തരത്തിൽ ക്ലാസ്റൂം പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയുന്നില്ല. പഠനോപകരണങ്ങൾ ഇല്ലാതെയുള്ള ക്ലാസുകളും, സമയക്കുറവും ഗണിതാശയങ്ങൾ വേണ്ടത്ര പ്രബലനം നടത്താതെയുള്ള ക്ലാസുകളും വിനിമയത്തിലെ സമയക്കുറവും.

**രക്ഷിതാവും കാരണങ്ങളും:**

ഗണിതാശയങ്ങൾ ഉറപ്പിക്കാവുന്ന പ്രായോഗിക സന്ദർഭങ്ങളെക്കുറിച്ചു രക്ഷിതാക്കൾ ബോധവാന്മാർ അല്ലാതാവുകയോ, അവഗണിക്കുകയോ ചെയ്യുന്നു. ഗണിത പഠനത്തെ മുൻവിധിയോടെ സമീപിക്കുന്നു. അധ്യാപകരുമായി ബന്ധപ്പെട്ടു ഗണിതാശയങ്ങൾ നേടുന്നതിലെ പോരായ്മകൾ ചോദിച്ചറിയുകയോ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തുകയോ ചെയ്യുന്നില്ല.

**സംവിധാനം**

അധ്യാപക പരിശീലനങ്ങളിൽ ഗണിതശാസ്ത്ര സമീപനത്തെ കുറേക്കൂടി പ്രായോഗിക വൽക്കരിക്കുന്നതിൽ പരാജയപ്പെടുന്നു.

**പരിഹാര ബോധനം**

ഓരോ ക്ലാസിലും തുടക്കത്തിൽ തന്നെ പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ ഭിന്നനിലവാരം മനസ്സിലാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. അടിസ്ഥാന ശേഷികൾ വികസിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകി പാഠാസൂത്രണങ്ങളും പഠനോപകരണങ്ങളും തയ്യാറാക്കുക. ഗണിത ലാബ് സജ്ജീകരിക്കുകയും, ഗണിത ക്ലബ് രൂപീകരിക്കുകയും ചെയ്യുക. ഐ.സി.ടി പിന്തുണാസംവിധാനം ഗണിത പഠനത്തിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുക. എല്ലാ കുട്ടികളെയും പരിഗണിച്ചു കൊണ്ടുള്ള പാഠാസൂത്രണം നടപ്പിലാക്കുക. ഗണിത ശിൽപശാലകൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു പഠന ഭാഗങ്ങൾ രസകരമാക്കുകയും വിഷയ താൽപര്യം ഉണർത്താനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് മാതൃഭാഷയെ പോലെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ് ഗണിതം. അക്ഷര ബോധവും അക്കബോധവുമുള്ളവരായി മാറുകയെന്നതാണ് പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാതൽ. എന്നാൽ ഗണിത പഠനത്തെ ചില കുട്ടികളെങ്കിലും ഭയപ്പെടുന്ന സാഹചര്യം ഇന്നു നിലവിലുണ്ട്. ഗണിത പഠനം രസകരമാക്കാനും ദൈനംദിന ജീവിതത്തിൽ ഗണിത പഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി രസകരമായി അതിനെ സമീപിക്കാനും കുട്ടികളെ പ്രാപ്തരാക്കാൻ കഴിയുന്ന തരത്തിൽ ക്ലാസുകൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

പ്രശ്ന നിർധാരണ രീതികൾ അവലംബിച്ചു കൊണ്ടും പ്രക്രിയാബന്ധിതമായി ഗണിത പഠനത്തെ സമീപിക്കാനും ആസ്വാദ്യകരമായ രീതിയിൽ ഗണിത പഠനത്തെ ഉൾക്കൊള്ളുമ്പോൾ ഗണിത പഠനം ലളിതമായിത്തീരും.

**<u>ലക്ഷ്യങ്ങൾ</u>**

- കുട്ടികളുടെ ചിന്താശേഷിയെ വികസിപ്പിക്കുക
- പ്രശ്ന പരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കുക.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.
- ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി വസ്തുതകളെ അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും കഴിവു നേടുക.
- ഊഹിക്കാനും പ്രവചനം നടത്താനും ധൈര്യവാനാക്കുക.
- കൃത്യതയും സൂക്ഷ്മതയും പുലർത്താൻ പ്രോൽസാഹിപ്പിക്കുക
- ഗണിതം അസ്വദിക്കാൻ കഴിയുന്ന തരത്തിൽ അതിന്റെ സർഗാത്മകത ഉൾക്കൊള്ളാൻ കുട്ടിയെ പരിശീലിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശാസ്ത്ര സംബന്ധമായ പരിഹാര ബോധനവും അടിസ്ഥാന ഗണിത ശേഷി വികസനവും | * ചോദ്യാവലി ഉണ്ടാക്കുന്നു<br>* പ്രീ - ടെസ്റ്റ്<br>* മൂല്യനിർണ്ണയം<br>* റിസൾട്ട് രേഖപ്പെടുത്തുന്നു<br>* റിപ്പോർട്ട് തയ്യാറാക്കുന്നു<br>* എസ്.ആർ.ജി യിൽ അവതരണം<br>* സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, കുട്ടികൾ മുൻക്ലാസുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തു കൊണ്ട് പരിഹരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. | ജൂൺ | ഹെഡ്മാസ്റ്റർ, എസ്.ആർ.ജി കൺവീനർ, ക്ലാസ്സ് ടീച്ചർ | 1000 BRC SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിതസാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ വിവരിക്കാൻ പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു പ്രദർശനം സംഘടിപ്പിക്കൽ പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആനുകാലിക സംഭവങ്ങൾ എന്നില ഉൾപ്പെടുത്തി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മേഗസിൻ തയ്യാറാക്കുന്നു. ഉപജില്ലാ- ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ - ഒക്ടോബർ | ഗണിതക്ലബ്ബ് അംഗങ്ങൾ എസ്.ആർ.ജി, ക്ലാസ്സ് ടീച്ചർ | 1000 |
| ഗണിതപ്രൊജക്ടുകൾ ഏറ്റടുത്ത് ചെയ്യാനും നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ | ഗണിത പ്രോജക്ട് അന്വേഷാത്മകമായി അപഗ്രഥിച്ച് കണ്ടെത്താവുന്ന പ്രോജക്ടുകൾ വ്യക്തിഗതമായും ഗ്രൂപ്പായും കണ്ടെത്തി അതാത് ക്ലാസുകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബിലെ കുട്ടികൾ ശേഖരിക്കുന്നു. അവയിൽ മികച്ചവ പ്രൊജക്ട് ഡയറിയായി സൂക്ഷിക്കുന്നു. പ്രദർശിപ്പിക്കുന്നു. കൂട്ടുകാരുടെ വീട്ടിലെ വരവുചെലവ് കണക്കുകൾ സ്കൂളിലെ ഉച്ചഭക്ഷണ ചെലവ് തുടങ്ങിയവ താരതമ്യം ചെയ്യൽ | ജൂലൈ - മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരമാക്കാൻ | ജ്യോമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി സ്കൂൾ ബിൽഡിംഗിൽ ചിത്രം വരയ്ക്കൽ | ഒരു പ്രാവശ്യം | ഹെഡ്മാസ്റ്റർ, ഗണിതക്ലബ്ബ് | 5000 |
| ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുകയും ഗണിതത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക | ഗണിതശാസ്ത്ര ശിൽപശാല സംഘടിപ്പിക്കൽ. ഗണിത ചരിത്രത്തിന്റെ ചരിത്രവും പ്രാധാന്യവും ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം കുട്ടികളുമായി പങ്കുവെക്കൽ | ജനുവരി - മാർച്ച് | ഹെഡ്മാസ്റ്റർ, എസ്.ആർ.ജി കൺവീനർ, ക്ലാസ്സ് ടീച്ചർ | 2000 BRC SRG |
| ഗണിത ക്ലബ് രൂപീകരണം | ഓരോ ക്ലാസ്സിലെയും അഞ്ചുകുട്ടികൾ വീതം ഗണിതക്ലബ്ബിൽ അംഗങ്ങളായിരിക്കും ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു വിദഗ്ധരെ കണ്ടെത്തുന്നു. ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. പ്രവർത്തനങ്ങൾ വിനിമയം ചെയ്യുന്നു. ക്വിസ് മത്സരങ്ങൾ പസ്സിലുകൾ കുസൃതികണക്കുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു. ഐ.സി.ടി സാധ്യത | ജൂൺ - ആഗസ്റ്റ് | ഹെഡ്മാസ്റ്റർ, എസ്.ആർ.ജി കൺവീനർ, ക്ലാസ്സ് ടീച്ചർ MPTA, PTA | 2000 |
| കുട്ടികളുടെ ചിന്താശേഷിയെ വികസിപ്പിക്കുകയും പ്രശ്ന പരിഹരണത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കുകയും ചെയ്യുക | സ്കൂളിൽ ഒരു കട കുട്ടികൾ തന്നെ ക്രയവിക്രയം നടത്തുന്ന ഒരു കട സംഘടിപ്പിക്കുക | ഒരു തവണ | ഹെഡ്മാസ്റ്റർ, എസ്.ആർ.ജി, ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഊഹിക്കാനും, പ്രവചിക്കാനും കുട്ടികളെ ധൈര്യവാന്മാരാക്കുക | മനക്കണക്കുകൾ പൊതുചോദ്യങ്ങൾ അതതു ക്ലാസ്സിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് ചിന്താശേഷി ഉണർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ | ആഴ്ചയിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ | - |
| ഗണിത ക്രിയകളിൽ സൂക്ഷ്മതയും കൃതിയതയും പുലർത്താൻ പ്രോത്സാഹിപ്പിക്കൽ | ഉത്തരപ്പെട്ടി : ഗണിതപ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് ഉത്തരങ്ങൾ കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കൽ ഉത്തരം വിശകലനം ചെയ്ത് അവതരണം ഗണിതക്വിസ്സ് | മാസത്തിൽ ഒരിക്കൽ | ഗണിത ക്ലബ്ബ് | 500 |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | സ്കൂളിൽ ഗണിതലാബ് സജ്ജമാക്കുക ഗണിതകിറ്റ്, വർക്കിംഗ് മോഡൽ, ചുമർ ഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ അബാക്കസ്, ജ്യോമിതീയ രൂപങ്ങൾ തുടങ്ങിയവ ക്ലാസ്സുകൾക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കൽ | ആവശ്യമുള്ളപ്പോൾ | ഗണിത ക്ലബ്ബ് | 5000 BRC SRG |
| കളികളിലൂടെ ഗണിതാശയ രൂപീകരണം | ക്ലോക്കിൽ നിശ്ചിത സമയം ക്രമീകരിക്കൽ വ്യത്യസ്ത നീളത്തിലുള്ള വസ്തുക്കൾ അളന്നുതിട്ടപ്പെടുത്തുക, ഭാരം ഊഹിക്കൽ, തൂക്കിതിട്ടപ്പെടുത്തൽ തൂക്കുകട്ടികൾ, അളവുപാത്രങ്ങൾ മീറ്റർ സ്കെയിലുകൾ എന്നിവ സ്വയം രൂപപ്പെടുത്തൽ | നിശ്ചിത യൂണിറ്റുമായി ബന്ധപ്പെട്ടവയും അല്ലാതെയും സൗകര്യപ്രദമായി നടത്താവുന്നവ | എസ്.ആർ. ജി, ക്ലാസ്സ് അധ്യാപകൻ | 500 |

**ജൂൺ**

| | | |
|---|---|---|
| 6 | - | ചോദ്യാവലി ഉണ്ടാക്കുന്നു. - പ്രീ- ടെസ്റ്റ് |
| 1 മുതൽ 13 വരെ | - | സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ (മുൻ ക്ലാസ്സിൽ നേടേണ്ടവ) |
| | - | ഗണിതകിറ്റ് തയ്യാറാക്കൽ |
| **ജൂലൈ** | - | ഗണിതമൂല ഒരുക്കൽ (ഗണിത പസിലുകൾ, ഗണിത പാട്ട്, കഥ,കളികൾ) |
| | - | ഗണിത ക്ലബ്ബ് രൂപീകരിക്കൽ |
| | - | ഗണിത പഠന ഉപകരണങ്ങൾ നിർമ്മിച്ചുകൊണ്ട് ക്ലാസ്സ് അലങ്കരിക്കുന്നു |
| **ആഗസ്റ്റ്** | - | ഗണിത ക്വിസ്സ് തയ്യാറാക്കുന്നു |
| | - | പതാക നിർമ്മാണം |
| | - | വിവിധ രൂപങ്ങൾ ഉപയോഗിച്ച് പൂക്കളം തയ്യാറാക്കൽ |
| | - | ഗണിത മാഗസിൻ നിർമ്മാണം (vecation) |
| **സെപ്തംബർ** | - | അധ്യാപക ദിനത്തോട് അനുബന്ധിച്ച് ഗണിത പ്രതിഭകളുടെ കഥകൾ അവതരിപ്പിക്കുന്നു |
| | - | ഗ്രൂപ്പ് തലമാക്കി ക്ലോക്ക് നിർമ്മാണം - സമയത്തെകുറിച്ച് ധാരണ ഉറപ്പിക്കൽ |
| | - | 24 മണിക്കൂർ Time table |
| **ഒക്ടോബർ** | - | ഗ്രൂപ്പ് അടിസ്ഥാനത്തിൽ കലണ്ടർ നിർമ്മാണം |
| | - | ബാഗ് നിർമ്മാണം |
| | - | മെട്രിക് മേള (ഭാരം, നീളം, സമയം) |
| **നവംബർ** | - | ഗണിത ശാസ്ത്ര ശിൽപശാല (1000 വരെയുള്ള സംഖ്യാബോധം കുട്ടികളിൽ ഉറപ്പിക്കൽ) |
| | - | ഗണിത പഠനോപകരണം തയ്യാറാക്കൽ (രക്ഷിതാക്കളെ ഉൾപ്പെടുത്തുന്നു) |
| **ഡിസംബർ** | - | ടാൻഗ്രാം അറിയൽ |
| | - | നിർമ്മാണം - പ്രദർശനം |
| **ജനുവരി** | - | സ്കൂളിൽ ഒരു കട |
| | - | ഗണിത ലാബ് |
| | - | ഗണിത പഠന ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ |
| **ഫെബ്രുവരി** | - | ഗണിതമേള പ്രദർശനം |
| | - | ഗണിത പ്രോജക്ട് ( വീടുകളിലെ വരവ് ചെലവ് കണക്കാക്കൽ) |
| | - | ജല വിനിയോഗം, വൈദ്യുതി നിയന്ത്രണം |

# പരിസര പഠനം

## ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

**ലക്ഷ്യങ്ങൾ**

- കുട്ടികളിൽ ശാസ്ത്രബോധം വളർത്തൽ
- പ്രകൃതി സ്നേഹികളാക്കൽ
- ഓരോ ക്ലാസ്സിലും ശാസ്ത്ര കോർണർ
- ശാസ്ത്ര മാസികകൾ ഉൾകൊള്ളുന്ന ക്ലാസ്സ് ലൈബ്രറി
- സയൻസ് ക്ലബ്ബ്
- ശാസ്ത്രവുമായി ബന്ധപ്പെട്ട CD ICT സാധ്യത എന്നിവ സജ്ജീകരിക്കൽ
- ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തൽ
- ഗ്രന്ഥശാലാ അംഗത്വം
- ജൈവകൃഷിയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം

**പ്രവർത്തനങ്ങൾ**

- ലഘുപരീക്ഷണങ്ങൾ
- നിരീക്ഷണം
- വർഗ്ഗീകരണം
- താരതമ്യം ചെയ്യൽ
- നിഗമനത്തിലെത്തൽ
- സി.ഡി. പ്രദർശനം
- ശാസ്ത്ര പ്രദർശനം
- സയൻസ് ക്വിസ്
- ഫീൽഡ് ട്രിപ്പ്
- ശാസ്ത്ര മാഗസിൻ നിർമ്മാണം
- ശാസ്ത്രജ്ഞരെ പരിചയപ്പെടൽ
- ഗവേഷണ മനോഭാവം ഉണ്ടാക്കൽ
- ജൈവകൃഷി
- പരിസര നിരീക്ഷണം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം - ഫോർമാറ്റ് 1

<table>
<tr><th colspan="2">മേഖല: അക്കാദമികം</th><th>വിഷയം: പരിസരപഠനം</th></tr>
<tr><td>പ്രശ്നം 1</td><td colspan="2">കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക</td></tr>
<tr><th>കാരണങ്ങൾ</th><th>പരിഹാരനിർദ്ദേശം</th><th>പ്രവർത്തനം</th></tr>
<tr><td>കുട്ടി<br><br>ശാസ്ത്രീയ കാര്യങ്ങളിൽ അറിവില്ലായ്മ<br><br>ടീച്ചർ<br><br>കുട്ടികളിൽ ശാസ്ത്ര കൗതുകം ഉണർത്തുന്ന തരത്തിൽ ഫലപ്രദമായി ഇടപെടാത്ത അവസ്ഥ<br><br>രക്ഷിതാവ്<br><br>ശാസ്ത്രീയ മേഖലയെകുറിച്ച് അറിവില്ലായ്മ<br><br>സംവിധാനം<br><br>കുട്ടികളിൽ ശാസ്ത്രതാൽപര്യം വളർത്തുന്നതിനും കൗതുകം ജനിപ്പിക്കുന്നതിനും പര്യാപ്തമായ തരത്തിലുള്ള ഉപകരണങ്ങളുടെയും ലാബിന്റെയും അഭാവം</td><td>കുട്ടികൾക്ക് കൗതുകമുണ്ടാക്കുന്ന ശാസ്ത്രഭാഗങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക<br><br>പരിസരത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക പ്രക്രിയാശേഷികളുടെ വളർച്ചക്ക് പ്രാധാന്യം നൽകുക</td><td>നിരീക്ഷണം സ്കൂൾ വരാന്തയുടെ ചുമർശാസ്ത്ര ചിത്രങ്ങൾ കൊണ്ട് അലങ്കരിക്കുക<br><br>പഞ്ചേന്ദ്രിയാനുഭവങ്ങളുലൂടെയുള്ള നിരീക്ഷണ രീതി<br>ശാസ്ത്ര വിസ്മയചുമർ</td></tr>
</table>

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം - ഫോർമാറ്റ് 1

| | | | | |
|---|---|---|---|---|
| മേഖല: അക്കാദമികം | | വിഷയം: പരിസരപഠനം | | |
| പ്രവർത്തനം 1 | സ്കൂൾ ചുമർ ശാസ്ത്ര ചിത്രങ്ങൾ കൊണ്ട് അലങ്കരിക്കുന്നു | | | |
| ലക്ഷ്യം : | കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക | | | |
| ഉപപ്രവർത്തനങ്ങൾ | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | ഏജൻസി |
| ഭൂമി, സൂര്യൻ, ചന്ദ്രൻ, മറ്റു ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, വാനനിരീക്ഷണ ഉപകരണങ്ങൾ, ബഹിരാകാശ വാഹനങ്ങൾ റോക്കറ്റ് എന്നിവയുടെ ചിത്രങ്ങൾ ഒരു കലാകാരന്റെ സഹായത്തോടുകൂടി സ്കൂൾ ചുമരിൽ വരയ്ക്കുന്നു. ശാസ്ത്രവിസ്മയ ചുവർ | സ്കൂൾ ശാസ്ത്ര വേദി PTA | മധ്യവേനൽ അവധിക്കാലം | 20000 രൂപ പ്രതീക്ഷിക്കുന്നു | PTA പൂർവ്വവിദ്യാർത്ഥികൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം – ഫോർമാറ്റ് 1

<table>
<tr><td colspan="2">മേഖല: അക്കാദമികം</td><td>വിഷയം: പരിസരപഠനം</td></tr>
<tr><td>പ്രശ്നം 2</td><td colspan="2">കുട്ടികളിൽ ശാസ്ത്രകൗതുകം വളർത്തുക</td></tr>
<tr><th>കാരണങ്ങൾ</th><th>പരിഹാരനിർദ്ദേശം</th><th>പ്രവർത്തനം</th></tr>
<tr><td>കുട്ടി<br><br>ശാസ്ത്ര പഠന പ്രക്രിയാശേഷികളിലൂടെ കുട്ടികൾ ശാസ്ത്രപഠനത്തെ സമീപിക്കുന്നചഷ്യ<br><br>ടീച്ചർ<br><br>ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുമ്പോൾ കൗതുകം വളർത്തുന്ന രൂപത്തിൽ അവതരിപ്പിക്കാറില്ല<br><br>രക്ഷിതാവ്<br><br>അറിവില്ലായ്മ<br><br>സംവിധാനം<br><br>ലാബുകളുടെ അപര്യാപ്തത</td><td>പഞ്ചേന്ദ്രയാനുഭവങ്ങളിലൂടെ കൗതുകം വളർത്തുന്ന കാര്യങ്ങൾ കാണിക്കുക<br><br>ശാസ്ത്രപ്രവർത്തനമാണെന്ന് കുട്ടികളെ ബോദ്ധ്യപ്പെടുത്തുക</td><td>1. 1 ദിവസത്തെ ലഘുപരീക്ഷണ ശിൽപശാല നടത്തുക<br><br>2. പ്ലാനിറ്റോറിയം പോലുള്ള ശാസ്ത്രകേന്ദ്രങ്ങളിലേക്ക് പഠനയാത്ര നടത്തുക<br><br>3. ശാസ്ത്രമേള സംഘടിപ്പിക്കുക</td></tr>
</table>

അക്കാദമിക് മാസ്റ്റർ പ്ലാൻ

പ്രശ്ന വിശകലനം - ഫോർമാറ്റ് 2

| മേഖല: അക്കാദമികം | | വിഷയം: പരിസരപഠനം | | |
|---|---|---|---|---|
| പ്രവർത്തനം 2 | ലഘുപരീക്ഷണശിൽപശാല നടത്തുന്നു | | | |
| ലക്ഷ്യം : | കുട്ടികളിൽ ശാസ്ത്രകൗതുകം വളർത്തുന്നു | | | |
| ഉപപ്രവർത്തനങ്ങൾ | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | ഏജൻസി |
| ശാസ്ത്രവേദിയുടെ അഭിമുഖത്തിൽ ശാസ്ത്രവിഷയങ്ങൾ താൽപര്യമുള്ള കുട്ടികൾക്കായി 1 ദിവസത്തെ ലഘുപരീക്ഷണ ശിൽപശാല നടത്തുന്നു. കാഴ്ചയിൽ കൗതുകമുണർത്തുന്നതും നിത്യജീവിതവുമായി പരിചയമുള്ളതുമായ വസ്തുക്കൾ ഉപയോഗിക്കുന്നു. | ശാസ്ത്രവേദി PTA | 1 ദിവസം | 5000/- | PTA പൂർവ്വവിദ്യാർത്ഥികൾ |
| സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ശാസ്ത്ര ക്വിസ് മൽസരം | ശാസ്ത്രവേദി | വർഷത്തിൽ 1 പ്രാവശ്യം | 5000/- | PTA ഫണ്ട് BRC |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം – ഫോർമാറ്റ് 1

| മേഖല: അക്കാദമികം | | വിഷയം: പരിസരപഠനം |
|---|---|---|
| പ്രശ്നം 3 | ശാസ്ത്ര പഠന താൽപര്യം കുറവ് | |
| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പ്രവർത്തനം** |
| കുട്ടി<br><br>പരിസരത്തെ പറ്റി അറിവില്ലായ്മ ജീവിക്കുന്ന ചുറ്റുപാടിനെകുറിച്ച് ധാരണയില്ലായ്മ | സ്വന്തം ചുറ്റുപാടിനെ ബന്ധപ്പിച്ച് പഠനം നടത്തുക. | 1. ക്ലാസ്മുറിക്ക് പുറത്ത് വെച്ച് ക്ലാസ്സ് നടത്തുക. |
| ടീച്ചർ<br><br>ചുറ്റുപാടനെ ബന്ധിപ്പിച്ച് കൊണ്ട് ക്ലാസ്സ് എടുക്കുന്നില്ല. അന്വേഷണാത്മകമായ പഠനഘട്ടങ്ങളിലൂടെ കുട്ടിയെ നയിക്കാൻ കഴിയുന്നില്ല. | കുട്ടിയുടെ സ്വതന്ത്രനിരീക്ഷണങ്ങളും പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക | 2. പഠനയാത്രകൾ നടത്തുക. |
| രക്ഷിതാവ്<br><br>ശാസ്ത്രപഠനത്തെ കുറിച്ച് അറിവില്ലായ്മ.<br><br>സംവിധാനം<br>പിരീഡ് കുറവ്<br>(സമയം കുറവ്) | പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക | പഠനയാത്രകൾ നടത്തുക |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം - ഫോർമാറ്റ് 2

| മേഖല: അക്കാദമികം | | വിഷയം: പരിസരപഠനം | | |
|---|---|---|---|---|
| പ്രവർത്തനം 3 | ശാസ്ത്ര കേന്ദ്രങ്ങളിലേക്ക് പഠനയാത്ര നടത്തുന്നു | | | |
| ലക്ഷ്യം : | കുട്ടികളിൽ ശാസ്ത്രകൗതുകം വളർത്തുക | | | |
| ഉപപ്രവർത്തനങ്ങൾ | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | ഏജൻസി |
| പ്ലാനിറ്റോറിയം, എക്സിബിഷനുകൾ, സ്കൂൾ ശാസ്ത്രമേളകൾ എന്നിവിടങ്ങളിലേക്ക് PTA സഹായത്തോടുകൂടി പഠനയാത്ര നടത്തുന്നു.<br><br>സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് പഠനയാത്രകൾ നടത്തുക | ശാസ്ത്രവേദി<br>PTA<br><br>ശാസ്ത്രവേദി | ഓരോ വർഷത്തിലും രണ്ടുതവണ | 5000/- | PTA |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം – ഫോർമാറ്റ് 1

<table>
<tr><td colspan="2">മേഖല: അക്കാദമികം</td><td>വിഷയം: പരിസരപഠനം</td></tr>
<tr><td>പ്രശ്നം 4</td><td colspan="2">ചരിത്ര പഠന താൽപര്യം കുറവ്</td></tr>
<tr><th>കാരണങ്ങൾ</th><th>പരിഹാരനിർദ്ദേശം</th><th>പ്രവർത്തനം</th></tr>
<tr><td>കുട്ടി:<br><br>പഴയകാലത്തെ കുറിച്ചുള്ള അറിവില്ലായ്മ.<br><br>ടീച്ചർ:<br><br>ചരിത്ര പാഠഭാഗങ്ങൾ വാചകത്തിലൂടെ മാത്രം അവതരിപ്പിക്കുന്നു.<br><br>രക്ഷിതാവ്:<br><br>അറിവില്ലായ്മ<br><br>സംവിധാനം:<br><br>റഫറൻസ് ബുക്കുകളുടെ അപര്യാപ്തത.<br>ചരിത്ര അവശേഷിപ്പുകളുടെ സൂക്ഷിപ്പ് ഇല്ലാത്തത്</td><td>പുരാതനകാലത്തെ കുറിച്ച് കുട്ടിക്ക് അറിവുണ്ടാക്കുന്നു</td><td>സ്കൂളിൽ പുരാവസ്തുമ്യൂസിയം നിർമ്മിക്കുന്നു.</td></tr>
</table>

അക്കാദമിക് മാസ്റ്റർ പ്ലാൻ

പ്രശ്ന വിശകലനം - ഫോർമാറ്റ് 2

| മേഖല: അക്കാദമികം | | വിഷയം: പരിസരപഠനം | | |
|---|---|---|---|---|
| പ്രവർത്തനം 3 | ക്ലാസ്സുകൾ ക്ലാസ്സ്മുറിക്ക് പുറത്ത് | | | |
| ലക്ഷ്യം : | ശാസ്ത്രപഠന താൽപര്യം വർദ്ധിപ്പിക്കുന്നു | | | |
| ഉപപ്രവർത്തനങ്ങൾ | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | ഏജൻസി |
| മാസത്തിൽ ഒരു തവണയെങ്കിലും EVS ക്ലാസ്സ് ക്ലാസ്സ്മുറിക്ക് പുറത്ത് വെച്ച് നടത്തുന്നു. ജീവനുള്ളവ, ജീവനില്ലാത്തവ, സസ്യങ്ങൾ, ജന്തുക്കൾ തുടങ്ങി നിരവധി പഠനത്തിന് ഇത് സഹായിക്കുന്നു. | അതത് ക്ലാസ്സ് ടീച്ചർ | ഓരോ മാസത്തിലും | ----- | ---- |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം - ഫോർമാറ്റ് 1

| മേഖല: അക്കാദമികം | | വിഷയം: പരിസരപഠനം |
|---|---|---|
| പ്രശ്നം 5 | പ്രാദേശിക ചരിത്രത്തെകുറിച്ച് അറിവില്ലായ്മ | |
| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനം |
| കുട്ടി:<br><br>സ്വന്തം പ്രദേശത്തിന്റെ ചരിത്രത്തെകുറിച്ച് ധാരണയില്ലായ്മ<br><br>ടീച്ചർ:<br><br>പ്രാദേശിക ചരിത്രത്തിന് പ്രാധാന്യം കൊടുക്കുന്നില്ല<br><br>രക്ഷിതാവ്:<br><br>അറിവില്ലായ്മ<br><br>സംവിധാനം:<br><br>മ്യൂസിയം, സ്കൂൾ ചരിത്രം എന്നിവ സ്കൂളിൽ ലഭ്യമല്ല | പ്രാദേശിക ചരിത്രത്തിൽ അറിവ് നൽകുന്നു. | പ്രാദേശത്തെ മുതിർന്ന വ്യക്തികളുമായി അഭിമുഖം നടത്തുന്നു |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം – ഫോർമാറ്റ് 2

| മേഖല: അക്കാദമികം | | വിഷയം: പരിസരപഠനം | | |
|---|---|---|---|---|
| പ്രവർത്തനം 3 | പഠനയാത്രകൾ നടത്തുന്നു | | | |
| ലക്ഷ്യം : | ശാസ്ത്രപഠന താൽപര്യം വർദ്ധിപ്പിക്കുക | | | |
| ഉപപ്രവർത്തനങ്ങൾ | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | ഏജൻസി |
| പ്ലാനിറ്റേറിയം, വ്യവസായശാലകൾ, നിർമ്മാണശാലകൾ എന്നിവിടങ്ങളിലേക്ക് പഠനയാത്രകൾ നടത്തുന്നു | ക്ലാസ്സ് ടീച്ചർ<br>ശാസ്ത്രവേദി<br>PTA | വർഷത്തിൽ ഒരുതവണ | | PTA<br>പൂർവ്വ വിദ്യാർത്ഥികൾ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം – ഫോർമാറ്റ് 1

| മേഖല: അക്കാദമികം | വിഷയം: പരിസരപഠനം | |
|---|---|---|
| പ്രശ്നം 6 | കുട്ടികളിൽ ദേശീയബോധം വളർത്തുക | |
| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനം |
| കുട്ടി:<br><br>ദേശീയതയെ കുറിച്ച് അറിവില്ലായ്മ<br>സ്വാതന്ത്ര്യസമരങ്ങളെ കുറിച്ച് അറിവില്ലായ്മ.<br><br>ടീച്ചർ<br><br>രക്ഷിതാവ് :<br><br>അറിവില്ലായ്മ<br><br>സംവിധാനം :<br><br>ബന്ധപ്പെട്ട പാഠഭാഗങ്ങൾ കുറവ് | ദേശീയതയെ കുറിച്ച് അറിവ് നൽകുക | സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങൾ എല്ലാ ക്ലാസ്സ്മുറികളിലും ആലേഖനം ചെയ്യുന്നു.<br><br>ഇന്ത്യയുടെയും കേരളത്തിന്റെയും വലിയ ഭൂപടങ്ങൾ എല്ലാ ക്ലാസ്സ്മുറുകളിലും പതിക്കുന്നു. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം – ഫോർമാറ്റ് 2

| **മേഖല: അക്കാദമികം** | | വിഷയം: പരിസരപഠനം | | |
|---|---|---|---|---|
| **പ്രവർത്തനം 3** | ക്ലാസ്സ്മുറികളിൽ സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങൾ **ആലേഖനം** ചെയ്യുന്നു | | | |
| **ലക്ഷ്യം :** | കുട്ടികളിൽ ദേശീയബോധം വളർത്തുക | | | |
| **ഉപപ്രവർത്തനങ്ങൾ** | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | **ഏജൻസി** |
| ക്ലാസ്സ് PTA യുടെ സഹകരണത്തോടുകൂടി ഓരോ ക്ലാസ്സിലും സ്വാതന്ത്ര്യ സമരസേനാനികളുടെ ചിത്രങ്ങൾ സ്ഥാപിക്കുന്നു.<br><br>സ്വാതന്ത്ര്യദിന ക്വിസ് മത്സരം | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് PTA | 1 മാസം | 2000 | PTA |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം – ഫോർമാറ്റ് 2

| **മേഖല: അക്കാദമികം** | | വിഷയം: പരിസരപഠനം | | |
|---|---|---|---|---|
| **പ്രവർത്തനം** | മുതിർന്ന വ്യക്തികളുമായി അഭിമുഖം നടത്തുന്നു | | | |
| **ലക്ഷ്യം :** | പ്രാദേശിക ചരിത്രം രചിക്കുന്നു | | | |
| **ഉപപ്രവർത്തനങ്ങൾ** | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | **ഏജൻസി** |
| PTA പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടുകൂടി നാട്ടിലെ മുതിർന്ന വ്യക്തികളെ സ്കൂളിൽ എത്തിക്കുകയും അവരെ ആദരിക്കുകയും ചെയ്യുന്നു. തുടർന്ന് പഴയകാല ജീവിതരീതികളെ കുറിച്ച് കുട്ടികൾക്ക് അഭിമുഖം നടത്താൻ അവസരം നൽകുന്നു. മുതിർന്ന വ്യക്തികളുടെ വീട്ടിലേക്ക് പോയിക്കൊണ്ടും അഭിമുഖം നടത്താൻ അവസരം നൽകുന്നു. | ശാസ്ത്രവേദി | 1 മാസം | | PTA |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം - ഫോർമാറ്റ് 2

| **മേഖല: അക്കാദമികം** | | വിഷയം: പരിസരപഠനം | | |
|---|---|---|---|---|
| **പ്രവർത്തനം** | **സ്കൂളിൽ പുരാവസ്തു മ്യൂസിയം നിർമ്മിക്കുന്നു** | | | |
| **ലക്ഷ്യം** | ചരിത്രപഠന താൽപര്യം വർദ്ധിപ്പിക്കുന്നു | | | |
| **ഉപപ്രവർത്തനങ്ങൾ** | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | **ഏജൻസി** |
| PTA, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടു കൂടി സ്കൂളിന്റെ സമീപ പ്രദേശങ്ങളിലുള്ള വീടുകളിലെ പുരാവസ്തുക്കൾ ശേഖരിക്കുകയും അവ സ്കൂളിലെ പുരാവസ്തു മ്യൂസിയത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു. | PTA, പൂർവ്വ വിദ്യാർത്ഥികൾ | 6 മാസം | | PTA പൂർവ്വ വിദ്യാർത്ഥികൾ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം - ഫോർമാറ്റ് 2

| **മേഖല: അക്കാദമികം** | | വിഷയം: പരിസരപഠനം | | |
|---|---|---|---|---|
| **പ്രവർത്തനം** | ഓരോ ക്ലാസ്സുകളിലും ഇന്ത്യയുടെയും കേരളത്തിന്റെയും ഭൂപടങ്ങൾ സ്ഥാപിക്കുന്നു | | | |
| **ലക്ഷ്യം** | കുട്ടികളിൽ ദേശീയബോധം വളർത്തുക | | | |
| **ഉപപ്രവർത്തനങ്ങൾ** | ചുമതല ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | **ഏജൻസി** |
| ക്ലാസ്സ് PTA യുടെ സഹായത്തോടുകൂടി എല്ലാ ക്ലാസ്സുകളിലും ഇന്ത്യയുടെയും കേരളത്തിന്റെയും വലിയ ഭൂപടങ്ങൾ സ്ഥാപിക്കുന്നു.<br><br>കേരളം- ഇന്ത്യ ക്വിസ് മത്സരം | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് PTA | | | ക്ലാസ്സ് PTA |

| അക്കാദമിക് മാസ്റ്റർ പ്ലാൻ കലണ്ടർ - E.V.S | | |
|---|---|---|
| ക്രമ നമ്പർ | പ്രവർത്തനം | മാസം |
| 1 | സ്കൂൾ വരാന്തയുടെ ചുവർ ശാസ്ത്ര ചിത്രങ്ങൾകൊണ്ട് അലങ്കരിക്കുന്നു | ഏപ്രിൽ - മെയ് |
| 2 | ലോക പരിസ്ഥിതി ദിനം | ജൂൺ 5 |
| 3 | ലഘു പരീക്ഷണ ശിൽപശാല സംഘടിപ്പിക്കുന്നു | ജൂലൈ - 6 |
| 4 | ചാന്ദ്രദിനാചരണം - ക്വിസ് മത്സരം | ജൂലൈ - 21 |
| 5 | സ്കൂൾ ശാസ്ത്രമേള | ആഗസ്റ്റ് രണ്ടാമത്തെ ആഴ്ച |
| 6 | നാഗസാക്കി ദിനം | ആഗസ്റ്റ് 9 |
| 7 | ക്ലാസ്സ് മുറികളിൽ സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങൾ ആലേഖനം ചെയ്യുന്നു, സ്വാതന്ത്ര്യദിന ക്വിസ് മത്സരം | ആഗസ്റ്റ 10 - 20 വരെ |
| 8 | പ്ലാനിറ്റേറിയത്തിലേക്ക് പഠനയാത്ര | സെപ്തംബർ അവസാനത്തെ ആഴ്ച |
| 9 | സ്കൂളിൽ പുരാവസ്തു മ്യൂസിയം നിർമ്മിക്കൽ | ഒക്ടോബർ - ഡിസംബർ |
| 10 | പ്രാദേശിക ചരിത്രം അറിയാൻ മുതിർന്ന വ്യക്തികളുമായി അഭിമുഖം | നവംബർ ആദ്യവാരം |
| 11 | ലോക പ്രമേഹ ദിനം (ജീവിതശൈലി രോഗങ്ങളെ കുറിച്ച് വീഡിയോ പ്രദർശനം) | നവംബർ 14 |
| 12 | പഠനയാത്രകൾ നടത്തുന്നു | നവംബർ അവസാനവാരം |
| 13 | പുരാവസ്തു മ്യൂസിയം ഉദ്ഘാടനം, റിപ്പബ്ലിക്ദിന ക്വിസ് മത്സരം | ജനുവരി ആദ്യവാരം |
| 14 | ക്ലാസ്സ് മുറികളിൽ ഇന്ത്യയുടെയും കേരളത്തിന്റെയും വലിയ ഭൂപടങ്ങൾ സ്ഥാപിക്കൽ | ജനുവരി 20-30 വരെ (റിപ്പബ്ലിക്ദിന പരിപാടി) |

# കലാ-പ്രവൃത്തിപരിചയ പഠനം

സാമൂഹ്യ സന്ദർഭങ്ങളോട് ഉചിതവും ഉത്തമവുമായ മൂല്യബോധത്തോടെ പ്രതികരിക്കുന്ന വ്യക്തികളെയും സാമൂഹ്യാന്തരീക്ഷത്തെയും സൃഷ്ടിക്കലാണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ധർമ്മം. വ്യക്തികളുടെ ഈ ഗുണാത്മക പ്രകാശനങ്ങളിലാണ് സമൂഹത്തിന്റെ സാംസ്കാരികവും ഭൗതികവുമായ നിലനിൽപും വളർച്ചയും വികാസവും നിലകൊള്ളുന്നത്. പ്രതികരണത്തിനും പ്രകാശനത്തിനുമായി ഓരോരുത്തരും ഉപയോഗിക്കുന്നത് അവരുടേതായ പ്രകാശനരൂപമാണ്. സംഗീതം, നൃത്തം, കവിത, ശില്പം, ചിത്രം തുടങ്ങി മറ്റുള്ളവരുടെ അനുഭവങ്ങളെ തൊട്ടുണർത്താനും അവരുടെ ചിന്തകളോട് സർഗ്ഗാത്മകമായി പ്രതികരിക്കാനും പ്രകാശിപ്പിക്കാനുമുള്ള ആശയവിനിമയമായി കല രൂപം കൊള്ളുന്നു.

കുട്ടിയുടെ സമഗ്രവികസനമാണ് വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. വൈകാരിക, വൈജ്ഞാനിക മേഖലകളുടെ സംയോജനവും വികാസവും സാധ്യമാകണമെങ്കിൽ പ്രവൃത്തി പരിചയ-നിർമ്മാണ പ്രവർത്തനങ്ങൾ അനിവാര്യമാണ്. അനുഭവങ്ങളിലൂടെ നേടിയ അറിവിന്റെ പ്രയോഗമാണ് കുട്ടിയുടെ ഓരോ നിർമ്മാണ പ്രക്രിയയിലും സമഗ്രമായി സ്വാഭാവികമായി ഉൾച്ചേർന്നിട്ടുള്ളത്. ഓരോ വ്യക്തിയും താൻ ജീവിക്കുന്ന സമൂഹത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നിരന്തരമായ ചിന്ത, അന്വേഷണം, ഭാവന എന്നിവയിലൂടെയാണ് ഓരോ നിർമ്മാണ പ്രക്രിയയും പൂർണ്ണമാകേണ്ടത്.

വിവിധ തരത്തിലുള്ള പാവകൾ നിർമ്മിക്കൽ, വിവിധയിനം കൊത്തുപണികൾ നടത്തൽ, പ്രിന്റിംഗുകൾ, വ്യത്യസ്ത പാറ്റേണുകൾ നിർമ്മിക്കൽ, രൂപങ്ങൾ ഉണ്ടാക്കൽ വിവിധ വർണ്ണങ്ങളിൽ വരകളും രൂപങ്ങളും നിർമ്മിക്കൽ പാഴ്‌വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണം തുടങ്ങി ധാരാളം പ്രവർത്തനങ്ങൾ പ്രവൃത്തിപരിചയ പഠനത്തിന്റെ ഭാഗമായി കുട്ടികളെ പരിശീലിപ്പിക്കുന്നുണ്ട്.

## ലക്ഷ്യം

- ക്ലാസ്സ്മുറിയും സ്കൂളും വീടും സമൂഹവും എല്ലാം ഉൾപ്പെടുന്ന ചുറ്റുപാടിനെ നല്ലതും സുന്ദരവുമായ എല്ലാത്തിനെ കുറിച്ചും ആഹ്ലാദം തോന്നത്തക്കവിധം നോക്കിക്കാണാൻ കുട്ടികളെ ബോധവാന്മാരാക്കുക.

- ജീവിതത്തിന്റെ എല്ലാ വശങ്ങളെയും കുറിച്ച് തങ്ങളുടെ ആശയവും വികാരങ്ങളും സ്വതന്ത്രമായി പ്രകടിപ്പിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക.

- നിരീക്ഷണം, അന്വേഷണം, ആശയപ്രകാശനം എന്നിവ വഴി കുട്ടികളുടെ എല്ലാ ഇന്ദ്രിയങ്ങളെയും വികസിപ്പിക്കുക.

## ഇന്നത്തെ അവസ്ഥ

കലാ-പ്രവൃത്തിപരിചയ പഠനത്തിന് സാധ്യതകളേറെ ഉണ്ടെങ്കിലും കുട്ടിയുടെ സമഗ്ര വിദ്യാഭ്യാസത്തിന് ഉതകുന്ന തരത്തിൽ പഠനപ്രക്രിയയുടെ ഭാഗമായി പ്രയോജനപ്പെടുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ബോധപൂർവ്വമായ ശ്രമങ്ങളൊന്നും തന്നെ നടക്കുന്നില്ല.

മേളകൾക്ക് വേണ്ടി തിരഞ്ഞെടുക്കുന്ന ഏതാനും കുട്ടികൾക്ക് തീവ്രപരിശീലനം നൽകി അതിന്റെ അവതരണത്തോടെ അവസാനിപ്പിക്കുന്ന ഒന്നായി സ്കൂളുകളിലെ കലാപഠനം മാറിക്കൊണ്ടിരിക്കുന്നു. കലാമേളകൾ പണക്കാരുടെ മേളകളായി മാറിക്കഴിഞ്ഞു. ഓരോരുത്തരിലുമുള്ള കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നത് വളരെ വിരളമായി മാത്രം. തന്നെയുമല്ല പഠനബോധന പ്രക്രിയകളിൽ പ്രാധാന്യപൂർവ്വമുള്ള പരിഗണന കലാ-പ്രവൃത്തിപരിചയത്തിന് ലഭിക്കുന്നുമില്ല.

## മേഖല: അക്കാദമികം - കലാപ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉപകരണങ്ങൾ കൃത്യമായും വേഗത്തിലും ഉപയോഗിക്കാനുള്ള കഴിവുണ്ടാക്കുക. | പാവനിർമ്മാണം- ഈർക്കിൽ, തീപ്പെട്ടിക്കമ്പുകൾ എന്നിവ ഉപയോഗിച്ച് രൂപങ്ങൾ ഉണ്ടാക്കൽ. | ആഴ്ചയിൽ ഒഴിവു ദിവസങ്ങളിൽ | ക്ലാസ്സ് അധ്യാപകൻ | ---- |
| കൃത്യമായ അളവുകൾ ഉപയോഗിച്ച് വസ്തുക്കൾ ഭാവനാപൂർണ്ണമായി നിർമ്മിക്കാനുള്ള കഴിവുണ്ടാക്കുക | ചുറ്റുപാട് നിന്ന് ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ്യമായ വസ്തുക്കൾ നിർമ്മിക്കൽ. | | | |
| കൃത്യമായ അനുപാതത്തിൽ വിവിധങ്ങളായ പാറ്റേണുകൾ ആകൃതികൾ എന്നിവ വെട്ടിയെടുക്കാനുള്ള കഴിവ്, നിർമ്മാണ പ്രക്രിയയിലൂടെ നേടിയ അറിവുകൾ | ശുചീകരണ വസ്തുക്കൾ നിർമ്മാണം (ഡെസ്റ്റർ, പൊടിതട്ടി, ചൂൽ). വർണ്ണക്കടലാസ് കൊണ്ടുള്ള നിർമ്മാണം (തോരണം) പേപ്പർ പ്രൊഡക്ട്സ് (കവർ സഞ്ചി) | ഒഴിവു സമയങ്ങളിൽ | ക്ലാസ്സ് അധ്യാപകൻ | 1000 |
| പുതിയ സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള കഴിവ് തുടങ്ങിയവ വളർത്തുക. | ലഘു ഉപകരണങ്ങൾ നിർമ്മിക്കലും പരീക്ഷണങ്ങളിൽ ഏർപ്പെടലും. ഉദാ: മഴമാപിനി, ജിയോ ബോർഡ്, സ്കെയിൽ. | | | ---- |
| | മാസ്ക് നിർമ്മിക്കൽ. | | | |
| | അലങ്കാര വസ്തുക്കളുടെ നിർമ്മാണം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | ചിത്രവര<br>നിറംകൊടുക്കൽ<br>ഡിസൈനിംഗ്<br>ശിൽപം<br>നിർമ്മാണകല<br>പ്രിന്റ്. | ഓരോ യൂണിറ്റുമായി ബന്ധപ്പെട്ടും അല്ലാതെയും | ക്ലാസ്സ് അധ്യാപകൻ | 500<br>ടീച്ചർ ഗ്രാന്റ് |
| | കൊളാഷ്<br>പാവ നിർമ്മാണം<br>അലങ്കാരവസ്തു നിർമ്മാണം | ആഗസ്ത് | ശാസ്ത്ര വേദി | 1000<br>പി.ടി.എ |
| കലാപ്രകടനങ്ങള പരിപോഷിപ്പിക്കൽ | നൃത്തം, ഒപ്പന, നാടകം, നാടൻപാട്ട് തുടങ്ങിയ കലകളുടെ പരിശീലനത്തിന് സംഗീതാധ്യാപകരെ ഉപയോഗപ്പെടുത്തൽ | സെപ്തംബർ | വിദ്യാരംഗം ക്ലബ്ബ് | 2000<br>പി.ടി.എ |
| | - | | | |
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനൽ അവധിക്കാലത്ത് ചിത്രരചനാ പരിശീലനം | 5 ദിവസം | എസ്. ആർ.ജി | 5000<br>പി.ടി.എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലനം - ഫോർമാറ്റ് 1

| മേഖല: അക്കാദമികം | വിഷയം: കായിക വിദ്യാഭ്യാസം | |
|---|---|---|
| പ്രശ്നം | | |
| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനം |
| **കുട്ടികൾ**<br>* കായിക വിനോദത്തോട് താൽപര്യക്കുറവ്<br>* ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെടൽ<br>* അസുഖങ്ങളെ ചെറുത്തി നിർത്തി കായികവിനോദത്തിൽ ഏർപ്പെടാൻ സാധിക്കാതെ വരുന്ന അവസ്ഥ<br><br>**അധ്യാപകർ**<br>* എല്ലാ കുട്ടികളെയും പരിഗണിച്ച് കായികപ്രവർത്തനം നടത്തുന്നില്ല.<br>* ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് ഉള്ള പ്രത്യേക പരിശീലനം നൽകാൻ കഴിയുന്നില്ല.<br>* കായിക പരിശീലനത്തിനാവശ്യമായ സാമഗ്രികൾ ഇല്ലാതെ വരുന്നു.<br>* കായിക ഇനത്തിൽ പ്രത്യേക ഇനങ്ങൾ കൂട്ടിച്ചേർക്കുന്നില്ല.<br><br>**രക്ഷിതാക്കൾ**<br>* രക്ഷിതാക്കൾ സ്കൂളുമായി ബന്ധപ്പെടുന്നില്ല<br>* എല്ലാ വീടുകളിലും കുട്ടികൾക്ക് കായികപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാതെ വരൽ<br><br>**സംവിധാനം**<br>* അധ്യാപക പരിശീലനം നൽകുന്നുണ്ടെങ്കിലും പ്രവർത്തനങ്ങൾ ചെറുതായി ഒരുക്കുന്നു<br>* പ്രാക്റ്റിക്കൽ എക്സ്പീരിയൻസ് കാണിക്കുന്നതിൽ ക്ലസ്റ്റർ തലങ്ങൾ മാറുന്നില്ല<br>* വിലയിരുത്തൽ നടത്തുന്നുണ്ടെങ്കിലും ഫീഡ്ബാക്ക് ലഭിക്കുന്നില്ല | കായിക പ്രവർത്തികൾ ചെയ്ക് കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തൽ<br>* എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.<br><br>* അധികസമയം കണ്ടെത്തുന്നു<br>* സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കുന്നു<br>* കായിക പരിശീലനം അധ്യാപകർക്ക് നൽകുന്നു<br>* വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് കായിക പരിശീലന സാമഗ്രികൾ സംഘടിപ്പിക്കുക<br><br>രക്ഷിതാക്കളെ ബോധവൽകരണം കുട്ടികളുടെ പി.ഇ.ടി പിരീഡ് രക്ഷിതാക്കളെ കൂടി പങ്കാളിയാക്കുക<br><br>അധ്യാപക പരിശീലനത്തിൽ കായികവിദ്യാഭ്യാസം മുഖ്യ ഇനമായി ഉൾപ്പെടുത്തുക | ലളിതമായ കായിക പരിശീലനം നൽകൽ<br><br>മാസ്ഡ്രിൽ<br><br>ബോധവൽകരണം<br>അധ്യാപക പരിശീലനത്തിൽ കായിക വിദ്യാഭ്യാസം മുഖ്യ ഇനമായി ഉൾപ്പെടുത്തൽ<br><br>കളിയുപകരണങ്ങൾ ഉപയോഗിച്ച് താൽപര്യമുള്ള കളികളിൽ ഏർപ്പെടാൻ അവസരം നൽകുക<br><br>സ്കൂൾ സ്പോർട്സ് ദിനത്തിൽ കുട്ടികളുടെ പ്രകടനങ്ങൾ കാണാനും കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും അവസരം നൽകൽ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം – ഫോർമാറ്റ് 2

| മേഖല: അക്കാദമികം | | വിഷയം: കായിക വിദ്യാഭ്യാസം | | |
|---|---|---|---|---|
| പ്രശ്നം | | | | |
| ലക്ഷ്യം : | കായിക പരിശീലനം കാര്യക്ഷമമാക്കൽ | | | |
| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തിക വിശകലനം | ഏജൻസി |
| 1. രാവിലെയും വൈകുന്നേരവും കായിക പരിശീലനം.കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ<br><br>2. പരിശീലന സൗകര്യത്തിനായി കുട്ടികൾക്കാവശ്യമായ വസ്തുക്കൾ സജ്ജീകരിച്ച് നൽകുന്നു. | ക്ലാസ്സ് അധ്യാപകർ<br>കായിക അധ്യാപകർ<br>പി.ടി.എ | ആഴ്ചയിൽ 3 ദിവസം | 10000 സ്പോൺസർഷിപ്പ് | PTA<br>BRC<br>കോർപറേഷൻ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### പ്രശ്ന വിശകലനം – ഫോർമാറ്റ് 2

| മേഖല: അക്കാദമികം | | വിഷയം: കായിക വിദ്യാഭ്യാസം | | |
|---|---|---|---|---|
| പ്രശ്നം 2 | | | | |
| ലക്ഷ്യം : | 1. അവാർഡ്/സമ്മാനം നൽകി ആദരിക്കൽ<br>2. ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | | | |
| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തിക വിശകലനം | ഏജൻസി |
| അവാർഡ്/സമ്മാനം<br><br>1. സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ<br>മെഡിക്കൽ ക്യാമ്പ് | എച്ച്.എം, കായിക അദ്ധ്യാപകൻ | ഓരോ തലത്തിലെയും മത്സരങ്ങൾക്കുശേഷം | 5000 സ്പോൺസർഷിപ്പ് | PTA |
| 2. വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | പി.ടി.എ<br>എച്ച്.എം | വർഷത്തിൽ ഒന്നുവീതം | 10000/-<br>പി.ടി.എ | PTA<br>SMC |

| | | |
|---|---|---|
| **ജൂൺ** | * | കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു |
| | * | കായിക വിദ്യാഭ്യാസത്തെകുറിച്ച് Theory class ഒരുക്കുന്നു. |
| | * | കുട്ടികൾക്ക് കായികവിദ്യാഭ്യാസം തുടങ്ങുന്നതിനും അവസാനിക്കുന്നതിനും മുമ്പും ശേഷവും ചെയ്യേണ്ട Mass drill കാണിച്ചുകൊടുക്കുന്നു |
| **ജൂലൈ** | * | കായിക രംഗത്ത് ഉൾപ്പെടുത്തേണ്ട കളികളുടെ ലിസ്റ്റ് തയ്യാറാക്കി അവ ക്ലാസ്സ് അടിസ്ഥാനത്തിൽ മാറ്റുന്നു |
| | * | ക്ലാസ്സ് Time table പ്രകാരം കായിക സമയം കണ്ടെത്തുന്നു |
| | * | കുട്ടികൾക്ക് കളിയെകുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുന്നു |
| **ആഗസ്റ്റ്** | * | യോഗാ പരിശീലന കാര്യങ്ങൾ ഉൾപ്പെടുത്തി ക്ലാസ്സ് തയ്യാറാക്കുന്നു |
| | * | ദേശീയ കായികദിനം- കായികദിനം ആയതിനാൽ സ്കൂൾ അസംബ്ലിയും കുട്ടികൾക്ക് കൂടുതൽ പരിശീലനം ഒരുക്കുന്നു. |
| | * | നീന്തൽ പരിശീലനം (സമീപത്ത് സൗകര്യപ്രകാരം അദ്ധ്യാപകർ പരിശീലനം നൽകുന്നു) |
| **സെപ്തംബർ** | * | ഫുട്ബോൾ പരിശീലനം നൽകുന്നു |
| | * | വോളിബോൾ പരിശീലനം നൽകുന്നു |
| | * | ടീമുകളുമായി തിരിക്കുന്നു |
| **ഒക്ടോബർ** | * | ടീം പ്രകാരം പരിശീലനം |
| **നവംബർ** | * | റിലേ മത്സരത്തിനുള്ള പരിശീലനം |
| | * | ഓട്ടത്തിൽ മികച്ച കുട്ടികളെ തിരഞ്ഞെടുക്കുന്നു |
| **ഡിസംബർ** | * | പരിശീലനം |
| **ജനുവരി** | * | സ്കൂൾതല സ്പോർട്സ് - പരിശീലനവും മത്സരവും |
| | * | സമ്മാനദാനം - കോംപ്ലക്സ് തല സ്പോർട്സ് മത്സരത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. |
| | * | സബ്ജില്ലാ സ്പോർട്സിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു |
| **ഫെബ്രുവരി** | * | സ്പോർട്സിൽ മുൻപന്തിയിൽ നിൽക്കുന്നവരെ കണ്ടെത്തി ഉയർന്നതല മത്സരത്തിനായി പരിശീലനം നൽകുന്നു. |

## ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിഗണന

സ്ക്കൂൾ അക്കാദമിക പദ്ധതിയിൽ ഭിന്നശേഷിക്കാരെ പരിഗണിച്ചുള്ള പ്രത്യേക പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യേണ്ടതുണ്ട്. പ്രത്യേക പരിശീലന മുറകൾ പഠനോപകരണങ്ങൾ എന്നിവക്കൊപ്പം നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പരിശീലനവും ഉൾച്ചേർക്കണം. ക്ലാസ് മുറിയിൽ വ്യത്യസ്ത പഠന നിലവാരത്തിലുള്ളവർ ഉള്ളതിനാൽ വ്യത്യസ്ത പഠന തന്ത്രങ്ങളും രൂപപ്പെടത്തേണ്ടതുണ്ട്. പഠന പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക-ഗാർഹിക പ്രശ്നങ്ങൾ വിലയിരുത്തി പിന്തുണ നൽകാനും മെച്ചപ്പെടുത്താനും അവസരമുണ്ടാവണം. ജനപ്രതിനിധികൾ, വിദ്യാലയ വികസന സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവയുടെ പിന്തുണയോടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമവും വിദ്യാലയങ്ങളിൽ നടക്കേണ്ടതുണ്ട്. മനഃശാസ്ത്ര വിദഗ്ദരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി പഠന സന്നദ്ധത വളർത്താനും പ്രത്യേക പഠന വിഭവങ്ങൾ ഒരുക്കിയുള്ള അക്കാദമിക പിന്തുണയും പ്രോത്സാഹനവും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ:**

- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വ്യത്യസ്ഥ പഠന തന്ത്രങ്ങളൊരുക്കി അക്ഷരജ്ഞാനവും അക്കബോധവുമുള്ളവരാക്കി മാറ്റിയെടുക്കുക.

- ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രത്യേകമായ സാമൂഹിക-ഗാർഹിക സാഹചര്യങ്ങൾ വിലയിരുത്തി പിന്തുണ നൽകി അത്തരക്കാരെ മുന്നോട്ടെത്തിക്കുക.

- ഭിന്നശേഷിക്കാരായ കുട്ടികൾ പ്രകടിപ്പിക്കുന്ന പ്രത്യേക കഴിവുകൾ കണ്ടെത്തി അതിൽ ഊന്നിയുള്ള പഠന ശേഷി വികസിപ്പിക്കൽ.

- വ്യത്യസ്ത വിഷയങ്ങളുമായി ബന്ധപ്പെട്ട ഐ.സി.ടി സാദ്ധ്യതകൾ ആകർഷകമായി ഉപയോഗപ്പെടുത്തുക.

- ചിത്രങ്ങളും, കട്ടൗട്ടുകളും, മോഡലുകളും തുടങ്ങിയവ ഉപയോഗിച്ചു പഠനോത്സുകത വർദ്ധിപ്പിക്കൽ.

| പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| ഭിന്നശേഷിക്കാരെ അവരുടെ കഴിവുകൾ കണ്ടെത്തി ആ കഴിവുകൾ എഴുത്തിലേക്കും വായനയിലേക്കും തിരിച്ചു വിടുക | അക്ഷര കാർഡുകൾ നൽകുക.<br><br>വാക്കുകൾ വേർതിരിക്കൽ.<br><br>ചിത്രങ്ങൾ നൽകി അതിൽ നിന്നും മനസ്സിലാക്കൽ<br><br>വായനക്ക് ചിത്രകഥ പുസ്തകങ്ങൾ പോലുള്ള ചെറിയ മാസികകൾ ഉപയോഗപ്പെടുത്തുക<br><br>രക്ഷിതാക്കളും അധ്യാപകരും കൂടെയിരുന്ന് വായിക്കാൻ സഹായിക്കുക<br><br>കളികളിലൂടെ പഠനത്തിനു പ്രോൽസാഹനം നൽകുക | ജൂൺ മുതൽ മാർച്ചു വരെ | ചിത്രകഥകൾ ചിത്രങ്ങൾ പുസ്തകങ്ങൾ സി.ഡികൾ | ബി.ആർ.സി<br><br>റിസോഴ്സ് ടീച്ചർ |

# മോണിറ്ററിംഗ്

വിദ്യാലയങ്ങളുടെ പ്രവർത്തനവും അക്കാദമിക നിലവാരവും മെച്ചപ്പെട്ടതാവണമെങ്കിൽ അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംഗും വിദ്യാലയപ്രവർത്തനങ്ങളുടെ അവലോകനവും കൃത്യമായും നിരന്തരമായും നടക്കേണ്ടതുണ്ട്. അധ്യാപകർക്ക് പഠനബോധന പ്രക്രിയകൾ വിലയിരുത്തുന്നതിന് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പോരായ്മകൾ പരിഹരിക്കുന്നതിന് പിന്തുണ നൽകുകയും വേണം. ഇതിനായി നാലുതരത്തിലുള്ള മോണിറ്ററിംഗ് സമിതികളുണ്ട്.

1. സ്കൂൾ തലം - വിഷയസമിതികൾ - എസ്.ആർ.ജി
2. സബ് ജില്ലാതലം - എ.ഇ.ഒ
3. ജില്ലാതലം - ഡി.ഡി.ഇ
4. ജനകീയ സഭകൾ - പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി

മാസത്തിൽ രണ്ടുതവണ എസ്.ആർ.ജി യോഗം ചേരുകയും വിഷയസമിതികൾ ഓരോ വിഷയം സംബന്ധിച്ച് ചർച്ചകൾ ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും മുൻനിർദ്ദേശങ്ങൾ നടപ്പിലാക്കിയത് എങ്ങനെയെന്നും പോരായ്മകൾ പരിഹരിക്കുകയും ചെയ്യുന്നു. ഇതനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യും.

ഓരോ മാസവും പി.ടി.എ എക്സിക്യൂട്ടീവ് യോഗം ചേരുകയും വിദ്യാലയം കൈവരിച്ച അക്കാദമിക മികവുകളെ കുറിച്ച് ഹെഡ്മാസ്റ്റർ യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ചർച്ചകളും തീരുമാനങ്ങളും കൈകൊള്ളുന്നു.

വാർഷിക മൂല്യനിർണ്ണയത്തിന് ശേഷം വിദ്യാലയത്തിന്റെ വാർഷിക ജനറൽബോഡി ചേരുകയും സ്കൂളുമായി ബന്ധപ്പെട്ട എല്ലാ സമിതി അംഗങ്ങളെയും വാർഷിക പൊതുയോഗത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യും. യോഗത്തിൽ ഒരു വർഷത്തെ അക്കാദമിക രംഗത്തെ നേട്ടങ്ങൾ കൃത്യമായി വിശകലനം ചെയ്ത് അവതരിപ്പിക്കുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യും. ഇവ പഠനതെളിവിന്റെയും ഉൽപന്നങ്ങളുടെയും അടിസ്ഥാനത്തിലാവാൻ പരമാവധി ശ്രദ്ധിക്കും. ക്ലാസ്സ് തലത്തിലും വിഷയതലത്തിലും ഐ.സി.ടി വിനിയോഗത്തിലും കുട്ടികൾ നേടിയ പഠനമികവുകൾ ക്ലാസ്സ്, സ്കൂൾ, സബ്ജില്ലാ തലങ്ങളിൽ കുട്ടികൾ നേടിയ അംഗീകാരങ്ങളും മികവുകളും പ്രത്യേകം പ്രതിപാദിക്കും. കൂടാതെ ശ്രദ്ധയിൽപ്പെട്ട പരിമിതികളും സാമൂഹിക ഇടപെടലുകൾ ആവശ്യമായ മേഖലകൾ തുടർ പ്രവർത്തനം സംബന്ധിച്ച നിർദ്ദേങ്ങൾ എന്നിവയും പ്രതിപാദിക്കും.

# പ്രവേശനോത്സവം ഉദ്ഘാടനം






# മാമ്മനൊരു പുസ്തകം